വേദപ്രചാര

മദ്ധ്യസ്ഥൻ.



പുസ്തകം ൧.) ൧൯൨൯ ഫെബ്രുവരി (ലക്കം ൨.

License No. 183.



വിഷയാനുക്രമണിക.

ക. പരസ്യക്കുറിപ്പ്	
ഖ. വി. യൌസേപ്പിന്റെ ജീവചരിത്രം	ക്ഷ
ച. മെത്രാനച്ചൻ തിരുമനസുകൊണ്ട്	
ന. ക്രിസ്തു ഭണ്ഡനിലേക്കു വന്നുവെങ്കിൽ	ക്ഷ
വി. സി. രാജപ്പൻ ബി. എ.	
ര. ഒരു മാതൃകാപ്രേഷതിൻ, റവ. ഫാദർ ജോസഫ് പേടം	ക്ഷ
ള. രണ്ടു സഹപാഠികൾ	ക്ഷ
(Gregory C. Thycheril B. A.)	
ന്യ. യേശുവിന്റെ ചാവരുൾ	ക്ഷ
(എം. ഒ. ജോസഫ് നെടുംകുന്നം)	
ഠ. പ്രസംഗം കേൾക്കുന്നതെങ്ങിനെ	ക്ഷ
വ. ഇന്നലെ ഉറങ്ങുന്നവരേ	ക്ഷ
(റവ ഫാദർ മാത്യു തുലക്കളം,	
ൻ. മാതാപിതാക്കൾ അറിഞ്ഞിരുന്നുവെങ്കിൽ	ക്ഷ
റവ. ഫാദർ പീയൂസ് സി. ഡി.	
കുറിപ്പുകളും വർത്തമാനങ്ങളും (പത്രാധിപർ)	ക്ഷ
വിദ്യാഭ്യാസവകുപ്പ്	ക്ഷ
കുടുംബരിക്കായും	
ചരമവാർത്ത	
പഞ്ചാംഗം	
പരസ്യങ്ങൾ	

മെഴുകും കുന്തിരിക്കവും.

പള്ളിക്കാവശ്യമുള്ള മെഴുകും തിരിയും വില്പാനുണ്ട്. വൃത്തിയുള്ള വിലക്കും ക്രമത്തിലും കൊടുക്കുന്നതാണ്.

അതിരമ്പുഴ തെക്കേടത്തു

ദേവസ്യാ മത്തായി അൻഡ് ബ്രദർ.

ഉരുപ്പടി വ്യാപാരം—ചങ്ങനാശ്ശേരി പി.ഒ.

വേദപ്രചാര

മദ്ധ്യസ്ഥൻ,

പുസ്തകം ക.) ഫൻവൻ ഫെബ്രുവരി (ലക്കം വ


നമ്പർ ന്യ.

ദൈവകൃപയാലും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഗ്രണത്താലും

ചങ്ങനാശ്ശേരി രൂപതയുടെ

മെത്രാനായ നാം



കാള ട്ടോറിൽ ജെയിംസ്

മെത്രാൻ.

നമ്മുടെ അധികാരത്തിൻ പ്പെട്ട പള്ളികളിലെ ബ. വികാരിമാർക്കും, അസിസ്റ്റേന്തിമാർക്കും, ശേഷം പട്ടക്കാർക്കും, സന്ന്യാസാന്തസ്സുകാർക്കും. വിശ്വാസികൾക്കും എല്ലാവർക്കും നമ്മുടെ കർത്താവീശോമിശിഹായിൽ സമാധാനവും വാഴ്വും.

"ഞാൻ ഉപവസിച്ചും രോമവസ്ത്രം ധരിച്ചും വെണ്ണീറിൽ ഇരി

ന്നകൊണ്ടു പ്രാർത്ഥനയോടും യാചനയോടും കൂടി ദൈവമായ കർത്താവിങ്കലേക്കു തിരിഞ്ഞു." ദാനിയേൽ ix. 3.

ബ. അച്ചന്മാരെ, സ്നേഹിക്കപ്പെട്ട വിശ്വാസികളെ!

ഇസ്രായേൽ ജനം ദൈവത്തെ മറന്നും തന്റെ കല്പനകളെ ലംഘിച്ചും ജീവിച്ചപ്പോൾ ദൈവം അവരെ കഠിനമായി ശിക്ഷിച്ചുവന്നു. എന്നാൽ അവർ അനുതപിച്ചു കർത്താവിങ്കലേക്കു പിന്തിരിഞ്ഞു ജീവിതത്തെ നന്നാക്കിയപ്പോഴെല്ലാം ദൈവം അവരോടു ക്ഷമിക്കയും ചെയ്ക പതിവായിരുന്നു. പാപം നിമിത്തം നാം കോപിപ്പിച്ച ദൈവത്തെ അനുതാപത്താൽ ശാന്തമാക്കി അടുത്തതോടു രമ്യപ്പെടേണ്ടതിന്നു മാതാവായ തിരുസഭ അവളുടെ ജ്ഞാനമക്കളോടു എന്നും ഉപദേശിക്കുന്നുണ്ടു. പ്രായശ്ചിത്തത്തിനായിട്ടുതന്നെ ചില പ്രത്യേക അവസരങ്ങൾ നിശ്ചയിച്ചിട്ടുമുണ്ടു. അപ്രകാരമുള്ള ഒന്നാണല്ലൊ അടുത്തുവരുന്ന അമ്പതുനോമ്പു കാലം. അതുകയാൽ തത്സംബന്ധമായി ചിലതെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുന്നതിനു നാം ഉദ്ദേശിക്കുന്നു.

വി. ലിഖിതങ്ങളുടെ ഒരു ഭാഗമായ യൊനാൻ ദീർഘദർശിയുടെ പുസ്തകത്തിൽ ഇപ്രകാരം വായിക്കപ്പെട്ടുന്നുണ്ടു .. അക്കാലത്തു യഹോവാ യൊനാനോടു രണ്ടാം പ്രാവശ്യം കല്പിച്ചു .., നീ പുറപ്പെട്ടു മഹാ നഗരമായ നിനിവെയിൽ ചെന്നു അവക്കു വിരോധമായി പ്രസംഗിക്കുക. അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നുവെന്നു അറിയിക്കുക. അങ്ങനെ യൊനാൻ ദീർഘദർശി പോയി നിനിവെയിൽ പ്രവേശിച്ചു ഇനി നാല്പതു ദിവസം കഴിയുമ്പോൾ ഈ നഗരം നശിക്കും എന്നു അവരോടു അറിയിച്ചു. തൽക്ഷണം നഗരവാസികൾ ദൈവത്തിൽ വിശ്വസിച്ചു ഒരു ഉപവാസപരസ്യം ചെയ്തു. വലിയവരും ചെറിയവരും ഒരു പോലെ ചാക്കുവസ്ത്രം ധരിച്ചു. .. നിനിവെ രാജാവു സിംഹാസനത്തിൽ നിന്നിറങ്ങി രാജവസ്ത്രം മാറി രോമവസ്ത്രം ധരിച്ചു വെണ്ണീറിൽ ഇരുന്നു. പിന്നെയും രാജ്യമൊട്ടുക്കു വിളംബരം ചെയ്തതാവിതു്. മനുഷ്യനാവട്ടെ മൃഗമാവട്ടെ ആടുമാടുകളാവട്ടെ യാതൊന്നും ആസ്വദിക്കരുതു്. മേയുകയും വെള്ളം കുടിക്കയും ചെയ്കരുതു്. മനുഷ്യനും മൃഗവും രട്ടുവസ്ത്രം ധരിച്ചു ഉച്ചത്തിൽ ദൈവത്തോടു വിളിച്ചപേക്ഷിക്കണം ഓരോ

രുത്തൻ അവനവന്റെ ദുർമ്മാർഗ്ഗവും സാഹസവും വിട്ടു മനംതിരികയും വേണം. (എല്ലാവരും ഇപ്രകാരം ചെയ്യു. അകയാൽ) അവർ ദുർമ്മാർഗ്ഗം വിട്ടതിരിഞ്ഞു എന്ന് അവരുടെ പ്രവൃത്തികളാൽ ദൈവം കണ്ടപ്പോൾ താൻ അറിയിച്ചിരുന്ന അനർത്ഥത്തെ അവർക്കു വരുത്തിയില്ല" യൊനാ-൩.

സ്നേഹിക്കപ്പെട്ടവരെ!

നിനിവെനഗരത്തിന്റെ ഈ ചരിത്രത്തിൽനിന്നും വലേസം ഗതികളും നമുക്കു പഠിക്കാനുണ്ട്. തങ്ങളുടെ ദുഷ്ടത നിമിത്തം ദൈവത്തെ ദ്രോഹിച്ച നിനിവേ നിവാസികളെ നശിപ്പിക്കാതെയും നാൻ ഭിർഘടർശിയെ അയച്ച് അവരെ അനുതാപത്തിനു ക്ഷണിച്ചതിൽ പ്രത്യക്ഷപ്പെട്ടതു ദൈവത്തിന്റെ കാരുണ്യമതിരേകമല്ലയോ? ദുഷ്ടന്റെ മരണത്തിലല്ല അവൻ ദുർമ്മാർഗ്ഗംവിട്ടു ജീവിക്കുന്നതിലാകുന്നു എന്റെസന്തോഷം. എസക്കി൩൩-൧൧ പിന്നെയും എത്ര കടുത്ത പാപികളായിരുന്നാലും അവർ ജീവിച്ചിരിക്കുന്ന കാലത്തോളം അവരുടെ രക്ഷയിൽ നിരാശപ്പെടാനില്ലെന്നും ദൈവാനുഗ്രഹത്തിൽശരണപ്പെട്ടുകൊണ്ടുസന്മാതൃക, ഗുണദോഷം, പ്രാർത്ഥന എന്നിവകളാൽ അവരുടെ മാനസാന്തരത്തിനായി നാം പ്രയത്നിക്കേണമെന്നും നിനിവെ ചരിത്രം വിളിച്ചു പറയുന്നുണ്ട്. "മനുഷ്യന്റെ വഴികൾ പോലെയല്ല ദൈവത്തിന്റേതു" ഏശയ്യ ൫൫-൮. പാപി അവന്റെ വഴികളെവിട്ട് ജീവിക്കണമെന്നല്ലയോ എന്റെതാല്പര്യം ദുഷ്ടൻ അവന്റെ ദുഷ്ടതവിട്ടു നീതിയും ന്യായവും പ്രവർത്തിക്കുന്നവെങ്കിൽ അവൻ ജീവിക്കും,, എസക്കി. xviii ൨൧, ൨൭.

ഇവിടെ നമുക്കു പഠിക്കാനുള്ള വേറൊരു പാഠം മനസ്താപത്തോടുകൂടിയ പ്രായശ്ചിത്ത പ്രവൃത്തികളുടെ ശക്തിയാണ്. നിനിവെക്കാരെ ഒന്നാകെ ശിക്ഷിച്ചു അവരുടെപട്ടണംകൂടിഭസ്മമാക്കുമെന്നായിരുന്ന ദൈവത്തിന്റെ തീരുമാനിച്ചിരുന്നു. എന്നാൽ കൊടിൽ തൊട്ടു കൊട്ടാരം വരെ, മനുഷ്യർ മൃഗം വരെ എല്ലാവരും അനുതപിച്ചു പരിതാപം ചെയ്തു എന്ന് ദൈവം കണ്ടപ്പോൾ, അവക്കണ്ടാവാനിരുന്ന ഭയങ്കര ശിക്ഷനിക്കിക്കളഞ്ഞു. തകർന്ന ഹൃദയത്തിന്റെ നിലവിളി സർവ്വശക്തനെ ബന്ധിക്കുന്നു. മാറാമില്ലാത്തവനിൽ പകച്ചുവരുത്തുന്നു" എന്ന് വി. അഗസ്റ്റിനോസ് എഴുതിയിരിക്കുന്നു.

സ്നേഹിക്കപ്പെട്ടവരെ, നിനിവേക്കാരേക്കാൾ ക്രൂരതലായി നാം ദൈവത്തെ കോപിപ്പിക്കയും ശിക്ഷായോഗ്യരായിതീരുകയും ചെയ്തിട്ടുണ്ടെന്നു ന്യായ പൂർവം പറയേണ്ടിയിരിക്കുന്നു. എന്നു വരികിലും, അനുതാപത്തിന്റെ കായ്കത്തിൽ നാം അവരേക്കാൾ എത്രയോപിന്നോക്കമായിരിക്കുന്നു "അനുതാപപ്പെട്ടന്നില്ലെങ്കിൽ നിങ്ങൾ എല്ലാവരും നശിക്കും" ലൂക്കാ XIII-5 "പാപം വർദ്ധിച്ചെടത്തു അനുഗ്രഹം അധികരിച്ചു" എന്നു വി. അപ്പോസ്തോലൻ പ്രസ്താവിച്ചിരിക്കുന്നതുപോലെ, നമ്മുടെ പാപങ്ങളും നന്ദിഹീനതയും അവരുടേതിനേക്കാൾ പെരുകിയിരിക്കുന്നെങ്കിൽ നമ്മോട് ദൈവം കാണിച്ചിരിക്കുന്ന കാരുണ്യവും അവരോട് എന്നതിനേക്കാൾ വളരെ അധികമായിരിക്കുന്നു: കണ്ടാലും! അനുതാപത്തിനു നമ്മെ ക്ഷണിപ്പാനായി സ്നാപക യോഹന്നാനെ ദൈവം യാത്രയാക്കി. 'അനുതാപത്തിന്റെ യോഗ്യഫലങ്ങൾ പുറപ്പെടുവിക്കുവിൻ' എന്ന് അയാൾ പ്രസംഗിച്ചു. ലൂ. III-8. പിന്നാലെ "തന്റെ ഏകകുമാരനെ ലോകത്തിനു നൽകുത്തക്കവണ്ണം അത്രയ്ക്കും ദൈവം അതിനെ സ്നേഹിച്ചു,, യോഹ-III. 16 "നീതിമാന്മാരെയല്ല പാപികളെ വിളിപ്പാൻ ഞാൻ വന്നു!, എന്ന് രക്ഷകൻ പരസ്യമായി സാക്ഷിച്ചു. മത്താ.IX 13. പാപികളുടെ രക്ഷാലയമായി സഭയെതാൻ സ്ഥാപിച്ചു. പാപികളെ തന്റെ മടിയിൽ കൈക്കൊള്ളുവാൻ സഭ എപ്പോഴും പാത്തിരിക്കുന്നു. "ഓ ഉല്ലമെ! നിന്റെ കർത്താവിൻ പക്കലേക്കു പിന്തിരിയുക" എന്ന ഏറമ്യായുടെ വാക്കുകളിൽ അവർ നിലവിളിച്ചുറിയിച്ചു കൊണ്ടിരിക്കുന്നു. നിനിവേക്കാരെപ്പോലെ പാപപ്രായശ്ചിത്തം ചെയ്വാൻ ചിലപ്പോഴെല്ലാം നിർബന്ധിക്കുന്നു. ദൈവത്തെ മറന്നു ലോകമായങ്ങളിൽ മുഴുകിയിരിക്കുന്നവരെ നിങ്ങൾ ഉണർന്നു നിത്യകാര്യങ്ങളെപ്പറ്റി ചിന്തിക്കുവിൻ. പാപ കാഠിന്യത്തെ ഗ്രഹിപ്പിൻ. പ്രായശ്ചിത്തംചെയ്തു ദൈവത്തോടു രമ്യപ്പെടുവിൻ. പരിഹാര കടത്തെ വീട്ടുവിൻ. ദുർമ്മാർഗ്ഗജീവിതം മാറുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്യുവിൻ. പ്രതിജ്ഞയിൽ നില്പാൻ വേണ്ട ശക്തി ദൈവത്തോടപേക്ഷിച്ചുലഭിക്കുവിൻ എന്നിങ്ങനെയാണു സഭാമാതാവു തന്റെ മക്കളോടുപദേശിക്കുന്നത്.

അതുകയാൽ ബ. അച്ചന്മാരേ, വാത്സല്യമക്കളേ!

ഇതാ കൈക്കൊള്ളപ്പെട്ട സമയം. രക്ഷയുടെ കാലം, പ്രായശ്ചിത്തത്തിനുള്ള അവസരം "അകൃത്യം നിങ്ങൾക്കു നാശകാരണമാ

യിഭവിക്കാതിരിക്കുന്നതിന്ന് അവയെ ഉപക്ഷിച്ചു മനസ്സുതിരിയുവിൻ,, ഏസ XIX 30. ഇന്ദ്രിയനിഗ്രഹം, നോയമ്പു. ഉപവാസം സ്വയമനസ്സാലെയുള്ള മറ്റു പീഡാസഹനങ്ങൾ എന്നിവ വഴിയായി പരിഹാരം ചെയ്യുവിൻ. രക്ഷകന്റെ പീഡനാനുഭവത്തിന്മേൽ ധ്യാനിച്ചു ദൈവസ്നേഹവും പാപദ്വേഷവും, ലോകനിന്ദയും നിങ്ങളിൽ ജനിപ്പിക്കുവിൻ. പൂജകണ്ടും, വി. കുർബാകൾ സ്വീകരിച്ചും, വിയാസാക്കു മുതലായ ഭക്തകൃത്യങ്ങൾ കൂട്ടമായി അനുഷ്ഠിച്ചുകൊണ്ടും ദൈവാനുഗ്രഹത്തെ പ്രാർത്ഥിപ്പിൻ. നോമ്പിലെ ഓരോ വെള്ളിയാഴ്ചയും ഞായറാഴ്ചപോലെ നിങ്ങൾക്കായിരിക്കട്ടെ. താപസ്സനും മഹാത്മാവുമായ വി. യൌസേപ്പുപിതാവു് ഈ വിഷയത്തിൽ നിങ്ങൾക്കു മദ്ധ്യസ്ഥനും മാതൃകയുമായിരിക്കട്ടെ. അടുത്ത മാർച്ചുമാസത്തിൽ പ്രത്യേകവിധത്തിൽ അദ്ദേഹത്തെ ബഹുമാനിക്കുവിൻ. ഈ പുണ്യവാന്റെ മാധ്യസ്ഥ്യംകൊണ്ടു സ്വർഗ്ഗീയ പുണ്യപൂർണ്ണതയിലേക്ക് നിങ്ങളെ ആനയിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ബാവായുടേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിങ്ങളെ നാം അനുഗ്രഹിക്കുന്നു.

സൂചനം.— 1. ഭരണസൌകര്യത്തിനും കാര്യക്ഷമതയ്ക്കുംവേണ്ടി രാമപുരം, അതിരമ്പുഴ, ആലപ്പുഴ എന്നിങ്ങനെ മൂന്നു വൊറോനകളാക്കി നവമായി രൂപീകരിച്ചു്, കുവൈത്തയെ പത്തു വൊറോനകളായി നാം വിഭജിച്ചിരിക്കുന്നു. ഓരോ വൊറോനവികാരിമാരും തങ്ങളുടെ കീഴിലുള്ള പള്ളികളെ പ്രതിവർഷം സന്ദർശിച്ച് നമ്മുടെ പക്കൽ റിപ്പോർട്ടു സമർപ്പിക്കേണ്ടിയിരിക്കുന്നു.

2. വീട്ടുവെഞ്ചരിക്കുന്ന കാര്യം പല സ്ഥലങ്ങളിലും അവഗണിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു. മേലാൽ ബ. വികാരിമാർ തങ്ങളുടെ ഇടവകയിലെ എല്ലാ വീടുകളും ആണ്ടിലൊരിക്കൽ വെഞ്ചരിക്കയും, കുടുംബാംഗങ്ങളുടെ സംഖ്യ, വിശ്വാസം, സമ്മാർഗ്ഗനിഷ്ഠ, ജീവിതക്രമം മുതലായവയെപ്പറ്റി വേണ്ടവണ്ണം അന്വേഷിച്ചു്, വിവരം അതതു സ്ഥിതിവിവരപുസ്തകങ്ങളിൽ ശരിയായി രേഖപ്പെടുത്തുകയും ചെയ്തുകൊള്ളേണ്ടതാണു്, കാളാശ്ശേരിൽ ജെയിംസ്,

ചങ്ങനാശ്ശേരിരൂപതയുടെ മെത്രാൻ.

✠ J. Kalacherry.

ച അരമനയിൽനിന്നു
ഫൻസൻ ജന്വരി മാസം
വി. പത്രോ റോമാസിംഹാസനത്തിരുനാൾദിനം.

മഹാത്മാവായ വിശുദ്ധ
യൗസേപ്പിന്റെ ജീവചരിത്രം

(തുടർച്ച)

നാലാം അദ്ധ്യായം

ശൈശവം.

൧. **ശൈശവത്തിലെ പുണ്യം.** ദൈവത്തേയും സമസ്തസൃഷ്ടികളേയും സ്നേഹിക്കുന്നതിലാണല്ലോ സകല പുണ്യവും അടങ്ങിയിരിക്കുന്നത്. നമ്മുടെ യൌസേപ്പുകുഞ്ഞിന് ചേലാകർമ്മാനുഷ്ഠാനം മുതൽ തിരിച്ചറിവ് ദൈവദത്തമായി ലഭിച്ചതിനാൽ ശൈശവത്തിന്റെ പ്രാരംഭദശയിൽതന്നേ പുണ്യത്തിന്റെ കാതലായ ദൈവസ്നേഹവും പരസ്നേഹവും അത്യധികമായി തന്നിൽ വിളങ്ങി. ആകാശത്തേക്ക് ദൃഷ്ടി പതിയുമ്പോൾ നമ്മുടെ പൈതൽ പ്രദർശിപ്പിച്ചിരുന്ന ആഹ്ലാദലക്ഷണങ്ങൾ സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ നേർക്കുള്ളതന്റെ സ്നേഹം എത്ര വലുതാണെന്ന് പ്രത്യക്ഷമാക്കി. പാപികളായ തന്റെ സമസൃഷ്ടികളുടെ രക്ഷക്കായി ശൈശവക്ലേശങ്ങളെ എല്ലാം ശാന്തമായി സഹിച്ചതിൽ നിന്ന് കൊച്ചിന്റെ പരസ്നേഹവും തെളിയുന്നു.

൨. **സ്നേഹപാരവശ്യം.** രണ്ടുടെ ഓമനക്കുഞ്ഞ് പലപ്രാവശ്യം ചിന്താമഗ്നനായി ആകാശത്തേക്കുമാത്രം ദിവസം മുഴുവനും നോക്കിക്കൊണ്ടിരിക്കുന്നതായി മാതാപിതാക്കന്മാർ കണ്ട് ആശ്ചര്യപ്പെട്ടിരുന്നു. ചില ദിവസങ്ങളിൽ കുഞ്ഞിന്റെ ഇന്ദ്രിയങ്ങളൊക്കെയും സ്തംഭിച്ചു യാവന ഒന്നുംകഴിക്കാതെയും തൊട്ടാൽ പോലും അറിയാതെയും ഇരുന്നിട്ടുണ്ട്. എന്നാൽ ഇതൊക്കെയും ദൈവസ്നേഹ പാരവശ്യം നിമിത്തം സംഭവിച്ചതായിരുന്നു എന്ന് ശിശുവിന്റെ പ്രസന്നവും പ്രശാന്തവും ആയ മുഖഭാവം ലക്ഷ്യം വഹിച്ചു.

൩. **പരീക്ഷ.** പൈതലിന്റെ അസാമാന്യമായ പുണ്യവളർച്ച നിമിത്തം നരകചിരംജീവിന് അത്യധികമായ കോപം ഉണ്ടായി. കൊച്ചിനേ കൊന്നുകളയുന്നതിനായി അവൻ പല പണികളും പ്രയോഗിച്ചു. എന്നാൽ അവയിൽ നിന്നൊക്കെയും തന്റെ രണ്ടു കാവൽ മാലാഖാമാരുടെ പ്രത്യേക സഹായത്താൽ യൌസേപ്പു രക്ഷപെട്ടു. മാതാപിതാക്കന്മാരേ അന്യോന്യം ഭിന്നിപ്പിക്കുവാനായിരുന്ന സാത്താന്റെ അന്ത[illegible]

ഴക്കുണ്ടാക്കുവാനായി അവസാനമായി അവൻ പണിപ്പെട്ടു. ഈ സംഗതി മൈതലിനേ മാലാഖ ഗ്രഹിപ്പിച്ചപ്പോൾ ദൈവത്തോടു വിശ്വാസത്തിൽ മുട്ടിപ്പായി അപേക്ഷിക്കുകയും അപേക്ഷക്ക് വേഗം ഫലം ഉണ്ടാക്കുന്നതിന്ന് ഒന്നാം രണ്ടു ദിവസം ഉപവസിക്കയും ചെയ്തു. അപേക്ഷ അനുസരിച്ചു ദൈവം പിശാചിനേ ഓടിച്ചു കുടുംബത്തിൽ പൂർണ്ണസമാധാനം ഉണ്ടാക്കി.

ര. നമസ്കാരപ്രായം കുഞ്ഞവുസേപ്പു കിടക്കത്തൊട്ടിയേ ഉപേക്ഷിക്കേണ്ടിയ സമയം വന്നു. തന്നത്താൻ ഇരിക്കാനും "പിച്ചുപിച്ച,, നിൽക്കാനും ആരംഭിച്ചു. ചില സമയം ആകാശത്തിലേയ്ക്കു പറന്നുപോകാൻ ആഗ്രഹിക്കുന്നതു പോലെ കൈയ്യ് രണ്ടും വിരിച്ചു പിടിച്ചുകൊണ്ടു മുകളിലേക്ക് നോക്കി നിൽക്കുമായിരുന്നു ചിലപ്പോൾ തന്റെ ഹൃദയത്തിനുള്ളിൽ ഇരിക്കുന്നദൈവത്തേ തഴുകാൻ ഇച്ഛിക്കുന്നഭാവത്തിൽ തന്റെ കുഞ്ഞു കൈയ്യ് രണ്ടും കൂടെ കൂപ്പുന്നതുപോലെ കൂട്ടി നെഞ്ചിന്മേൽപിടിച്ചു കൊണ്ടിരിക്കുന്നതും അമ്മ കണ്ടിട്ടുണ്ടു. എന്നാൽ ഇരുകയ്യും കൂട്ടിപ്പിടിച്ചു കണ്ണ് അല്പം അടച്ച് നമസ്കാരത്തിൽ ലയിച്ചിരിക്കും ഭാവമാണ് ഏറ്റം കൌതുകമായിരിക്കുന്നതു്. നടപ്പു വേഗം തനിക്ക് വശമായാൽ മാതാപിതാക്കന്മാരുടെമുമ്പിൽ ലാളകരിക്കയും അവരേ പലകാര്യങ്ങളിലും സഹായിക്കയും ചെയ്യുമല്ലോ എന്നു വിചാരിച്ചു കാൽനട പഠിക്കുവാൻ കൊച്ചിനു വലിയ ഉത്സാഹമായിരുന്നു. അതിനായി ദൈവത്തേ പ്രാർത്ഥിക്കയും ചെയ്തിരുന്നു. ദൈവം അതു വേഗം സാധിച്ചു കൊടുക്കയും ചെയ്തു.

ക്രിസ്തു ലണ്ടനിലേക്കു വന്നുവെങ്കിൽ.

(വി. സി. ജോൺസ്സ് ബി എ)

"ക്രിസ്തു ഒന്നിലധികംവിധത്തിലുള്ള സാന്നിദ്ധ്യത്താൽ ലണ്ടനിൽ സന്നിഹിതനായിരിക്കുന്നു. ദൃശ്യമായി ജനങ്ങളുടെയിടയിൽവീണ്ടും ക്രിസ്തു കാണപ്പെടുന്നുവെങ്കിൽ താൻ ചിലരുടേശത്തു നിന്നോ, വളരെ മുമ്പെ കഴിഞ്ഞ ശതാബ്ദത്തിൽനിന്നോ ഉള്ള ഒരു അപരിചിതന്റെ നിഴലിൽ താൻ ആയിരിക്കുകയില്ല."

ഫാദർ വുഡ്‌ലോക്കിന്റെ സമാധാനവും മറ്റു ലേഖകന്മാരുടെ സമാധാനങ്ങളും തമ്മിൽ താരതമ്യവിവേചനം ചെയ്യുമ്പോൾ കത്തോലിക്കസഭയും ഇതരക്രിസ്തീയസഭകളും തമ്മിലുള്ള അന്തരം എളുപ്പത്തിൽ ഗ്രഹിക്കാവുന്നതായിത്തീരുന്നു. ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്നവർ പലരുണ്ടെങ്കിലും ക്രിസ്തുവിന്റെ ആദർശം പരിപാലിക്കുന്നവർ അവരിൽ എത്രയോ തുച്ഛമാണ്? ക്രിസ്തുവിന്റെ ഉപദേശങ്ങളും പ്രമാണങ്ങളും ഈ ഒടുവിലത്തെ കുട്ടർക്ക് സഹ്യമല്ലാതായിത്തീരുന്നു. ക്രൈസ്തവമൂലതത്വങ്ങളെ ഉടച്ചു വാർക്കണമെന്ന് ഇവർ വിവരിക്കുന്നു. ക്രിസ്തുവിന്റെ ഉപദേശങ്ങളും ക്രിസ്ത്യൻസഭകളുടെ ഉപദേശങ്ങളും തമ്മിൽ വളരെ അന്തരമുണ്ടെന്നു ഇവർ ഘോഷിക്കുന്നു. ക്രിസ്തുസഭകൾ ദൈവത്തിന്റെ പിതൃത്വവും മാനുഷന്റെ സാഹോദര്യവും മാത്രം ഉപദേശിച്ചാൽ പോരെയോ എന്ന് അവർ ബലമായി സംശയിക്കുന്നു. കർമ്മാചാരങ്ങളും വിശ്വാസപ്രമാണങ്ങളും എല്ലാം കാലപ്പഴക്കംകൊണ്ട് തുരുമ്പും കറയും പിടിച്ചിരിക്കുന്നതായിട്ടാണ് ഈ കുട്ടർ കാണുന്നത്. പുതിയ പരിഷ്കൽക്കായി അവർ അക്ഷമതയോടുകൂടി കാത്തിരിക്കുകയും ചെയ്യുന്നു. ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഭിന്നതകൾക്കും മത്സരങ്ങൾക്കും മൂലഹേതുക്കൾ അവക്കു ശരിയായി അറിയാം. സദുപദേശങ്ങളെ കാലത്തിനൊത്തു പരിഷ്കരിക്കാതിരിക്കുന്നതു തന്നെ മനുഷ്യന്റെ ദുർബുദ്ധിയൊ സ്വാഭിപ്രായഗതിയൊ, ആക്ഷേപാർഹമായി ഈ കുട്ടർ കാണുന്നില്ല. മനുഷ്യൻ പരിഷ്കാരദശയിൽ അല്പകാലങ്ങൾ കടന്നുകൂടി മുമ്പോട്ടു കുതിച്ചുചാടി പുതിയ ആശയങ്ങളെ സ്വീകരിക്കുന്നതുകൊണ്ട് ആ ഭാഗത്തെല്ലാം ശുഭമായി കഴിയുന്നു. സഭയും സദുപദേശങ്ങളുമെത്തെ മനുഷ്യബുദ്ധിക്കൊത്തു ഓടിഏത്താഞ്ഞത്തു!! ഈ ദുർബുദ്ധികാരപ്രമത്തതയും കപരിഷ്കാരപ്രാപ്തിയും കൊണ്ട് അകത്തോലിക്കക്രിസ്ത്യാനികളിൽ ഒട്ടുവളരെ ആളുകൾ ദിവ്യരക്ഷകന്റെ മനുഷ്യാവതാരം, പുനരുത്ഥാനം, കന്യകോദരവേം, മരണാനന്തരജീവിതം മുതലായ 'സത്യ'ങ്ങളെ പരസ്യമായി അധിക്ഷേപിക്കുന്നവരായി കാണപ്പെടുന്നു. അവർ ക്രിസ്തുവിന്റെ ഉപദേശങ്ങളെ മാത്രമല്ലാ ക്രിസ്തുവിനെത്തന്നെ വിസ്മരിക്കുന്നു. താൻ ചിരംജീവിയാണെന്നും സ്വപ്രൈശ്വര്യസംപൂർണ്ണതയാണെന്നും അവർ ആലോചിക്കുന്നില്ല. കൊള്ളിമീൻകണക്കെ ക്ഷണികമായ പ്രഭ വീശുന്നതിനല്ലാ തന്റെ മനുഷ്യാവതാരവും കഷ്ടാനുഭവവും സഭാസ്ഥാപനവും സാധിതങ്ങളായതെന്ന് അവർ ആലോചിക്കുന്നില്ല. ക്രൈസ്തവോപദേശങ്ങളിൽ തങ്ങൾക്കു വിപ്രതിപത്തിയുണ്ടാകുന്നതും അവയിൽനിന്നു മോചനത്തിന് തങ്ങളെ പ്രേരിപ്പിക്കുന്നതും താന്താങ്ങളുടെ ആശകളും ദുർബുദ്ധികളും ആണെന്നു, കഷ്ടം! ഈ കുട്ടർ ധരിക്കുന്നില്ല.

ഒരു മാതൃകാപ്രഷിതൻ.

യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരിൽ ഒരുവനായ യൌസേപ്പ്, എജിപ്തിലെ പറവോന്റെ പ്രധാന മന്ത്രിയായിരുന്ന കാലത്താണ് ഇസ്രായേൽ ജനം അവിടെ കുടിയേറിപ്പാർത്തത്. ക്രമേണ അവർ ജനസംഖ്യയിലും ധനസ്ഥിതിയിലും വർദ്ധിച്ച് എജിപ്തിലെ ഒരു പ്രബല വിഭാഗമായിത്തീർന്നു. അവരുടെ കുടിയേറ്റം കഴിഞ്ഞിട്ട് ഒരു നാനൂറോളം വർഷമായപ്പോൾ സിംഹാസനാരൂഢനായ ഒരു നവീന നൃപൻ ഇസ്രായേൽക്കാരെ നിർമൂലമാക്കണമെന്നുള്ള ദുരുദ്ദേശ്യത്തോടുകൂടി നാനാപ്രകാരേണ അവരെ ഞെരുക്കുവാനാരംഭിച്ചു. ദൈവത്തിന്റെ വിശേഷവിധമായ പരിലാളനയ്ക്കു പാത്രമായ ഈജനം പൂർവ്വപിതാക്കന്മാർ വഴി അവിടന്നു തങ്ങൾക്കു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്ന കനാൻ ദേശത്തെപ്പറ്റി അനുസ്മരിക്കയും, ഫറവോന്റെ അടിമത്തത്തിൽ നിന്നു മുക്തിലഭിക്കുന്നതിനായി ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കയും ചെയ്തു.

ദൈവം അവരുടെ പ്രാർത്ഥനയെ തിരസ്കരിച്ചില്ല. ഇസ്രായേൽ വനിതകളുടെ ആൺകുഞ്ഞുങ്ങളെയെല്ലാം വധിച്ചുകളയണമെന്നു ഒരു ക്രൂര നിയമവും ഇക്കാലത്തു നടപ്പുണ്ടായിരുന്നു. തന്റെ പ്രിയജനത്തെ സ്വതന്ത്രമാക്കി വാഗ്ദത്തദേശത്തേക്കു ആനയിക്കുന്നതിനായി സുന്ദരകളേബരനായ മൂശ എന്നൊരു ശിശുവിനെ അത്ഭുതകരമായി ദൈവം രക്ഷിച്ച് പറവോന്റെ മകളുടെ ദത്തുപുത്രനായിവളർത്തി. പ്രായമായപ്പോൾ മൂശ അരമനവാസമുപേക്ഷിച്ചു മേദിയാൻ ദേശത്തേക്കു പോകേണ്ടിവരികയും അവിടെ ജെത്രൊ എന്നൊരുവന്റെ മകളെ വിവാഹം ചെയ്തു താമസിക്കയും ചെയ്തു. ഒരിക്കൽ അയാൾ ആടുമേയിച്ചുകൊണ്ടിരിക്കയിൽ വിസ്മയനീയമായ ഒരു കാഴ്ചകണ്ടു. ഒരുമുൾപടപ്പിൽ തീ കത്തിജ്വലച്ചിട്ടും അതിന്റെ പത്രലതാദികൾക്കു അല്പം പോലും വാട്ടം തട്ടിയില്ല. അഭൂതപൂർവ്വമായ ഈകാഴ്ചയുടെ രഹസ്യം അറിഞ്ഞറിയുന്നതിനായി അയാൾ അവിടേക്കടുത്തു ചെന്നു. അഗ്നിരൂപത്തിൽ പ്രത്യക്ഷനായി ദൈവം "മൂശെ, മൂശെ,, എന്നു വിളിക്കുന്നതാണ് അപ്പോൾ അദ്ദേഹം കേട്ടത്. ഭയവിഹ്വലനായ മൂശ "ഇതാ ഞാൻ,, എന്നു പ്രതിവചിച്ചു. "ഇങ്ങോട്ടടുക്കരുത്–നീ നില്ക്കുന്നസ്ഥലം പരിപാവനമാകയാൽ നിന്റെ ചെരിപ്പ് അഴിച്ചു മാറണം. ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാകുന്നു.....എന്റെ ജനത്തിന്റെ എജിപ്തിലെ കഷ്ടതകളെ ഞാൻ കണ്ടിരിക്കുന്നു. അവരുടെ നിലവിളിയും ഞാൻ കേട്ടു. വരൂ! ഇസ്രായേൽ മക്കളെ എജിപ്തിൽ നിന്നും രക്ഷിക്കുന്നതിനായി നിന്നെ ഞാ

നയക്കാം". കൊള്ളാം, വിജനസ്ഥലത്തു അതിപ്രബലനായ ഒരു ക്രൂരവ്യാപ
ന്റെ ദുർഭരണത്തിൽ നിന്നു ലക്ഷോപലക്ഷംജനത്തെ മോചിച്ചുകൊണ്ടു
വരേണ്ട വള്ളി ഒരു അജപാലകൻ! വിസ്മയപരവശനായ മൂശ സഖി
നയം ബോധിപ്പിച്ചു "ഇസ്രായേൽ മക്കളെ എജിപ്തിൽ നിന്നും കൊണ്ടു
പോരുന്നതിനും പറവോന്റെ പക്കൽ പോകുന്നതിനും ഞാനാരാണ്!
കൂട്ടാക്കേണ്ട "ഞാൻ നിന്നോടുകൂടി ഉണ്ടായിരിക്കും" എന്നായിരുന്ന മറുപ
ടി. സ്വന്ത ബലാഭിനതകളെ ഏറ്റു പറയുന്ന തന്റെ ദാസന്മാരെ സ
ഹായിക്കാൻ ദയാപരനായ ദൈവം സവ്വദാസന്നദ്ധനാണ്. താൻസവ്
ശക്തനാണെന്നു നമ്മെ ഗ്രഹിപ്പിക്കുന്നതിനായി ദുർബലപാത്രങ്ങളെക്കൊ
ണ്ടു അസാദ്ധ്യകാര്യങ്ങളെ നിർവഹിക്കുക ദൈവ പരിപാലനയുടെ ഒരു
നിയമവുമാണ്. പൗരാണീക പരിഷ്കാരത്തിന്റെ കേന്ദ്രവും വിഗ്രഹാ
രാധനയുടെ ആസ്ഥാനവുമായിരുന്ന റോമായെ ക്രിസ്തുവിനു ജയിച്ചടക്കു
ന്നതിനു മുഖ്യനായ പത്രോസിനെയും അഗാധ ചിന്തകന്മാരും ജ്യോതി
ശ്ശാസ്ത്രപട്ടക്കാരുമായിരുന്നഹെന്ദവർക്കു സത്യവേദം അറിയിക്കുന്നതിനു സംശ
യ ഗ്രസ്തനായ തോമസ്സിനെയും സ്വശിഷ്യവൃത്തിൽ നിന്നു മിശിഹാ അയ
ച്ചതും ജർമ്മനിയെ വി- ബൊനിഫാസും, ഇംഗ്ലണ്ടിനെ ഔസ്റ്റിൻ ആഗ
സ്തിനും മാനസാന്തരപ്പെടുത്തിയതും, മേൽപറഞ്ഞതതത്തെ തെളിയിയ്ക്കു
ന്നതിനു ഉദ്ധരിക്കാവുന്ന കോടാകോടി ഉദാഹരണങ്ങളിൽ ഒന്നു തണ്ടുമാ
ത്രമാണ്.

ശ്രമസാദ്ധ്യമായ കാര്യത്തിൽ തനിക്കു നിശ്ചയമായ ദൈവസഹായ
മുണ്ടാകുമെന്നു ഉറപ്പുകിട്ടിയപ്പോൾ, അജ്ഞാനുസരണം പൊയ്ക്കൊള്ളാമെ
ന്നു മൂശ സംവദിച്ചു. ദൈവനിയോഗത്തെ ഇസ്രായേൽക്കാരേയും ഫറ
വോനേയും വിശ്വസിപ്പിക്കുന്നതിനായി അവരുടെ മുമ്പാകെ അത്ഭുതംപ്ര
വർത്തിക്കുന്നതിനുള്ള വരവും ദൈവം അയാൾക്കു പ്രദാനം ചെയ്തു. എ
ന്നാൽ സ്വശ്രത്തിന്റെ മൂന്നാം തട്ടുവരെ ഉയർത്തപ്പെട്ട വി. പൌലൂസ്
ഗവ്വിഷ്ടനായിപ്പോകാതിരിപ്പാൻ വേണ്ടി ആ പരിശുദ്ധ വൈരാഗി നിര
ന്തരമായ ഒരു പരീക്ഷയ്ക്കു വിധേയനാകേണ്ടിവന്നതുപോലെ, പ്രകൃത്യതീ
തങ്ങളായ വരങ്ങളെ പ്രാപിച്ചതുമുതൽ മൂശ സംസാരതടസ്സമുള്ളവനാ
യിത്തീർന്നു. തന്നിമിത്തം മൂശയുടെ അപേക്ഷാനുസരണം, വാഗ്മിയായ
അഹറോന്റെ സഹോദരൻ അഹറോനെക്കൂടെ പ്രസംഗിക്കുന്നതിനാ
യി മൂശയെ അനുഗമിക്കുന്നതിനു ദൈവം നിയോഗിച്ചു. പരസ്പരം അ
ലോചിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ധൈ
യ്പ്പെടുത്തുന്നതിനുമായി, ഒന്നിലധികം പ്രേഷിതന്മാരെ ഒരുമിച്ചയയ്ക്കു
മിശിഹായുടെ കാലംമുതൽ തിരുസഭയിൽ നടന്നുവരുന്ന ഒരേർപ്പാടാണ്.
മൂശയും അഹറോനും എജിപ്തിൽചെന്ന് ഇസ്രായേൽക്കാരോടു തങ്ങളുടെ
ദൌത്യത്തെ അറിയിക്കയും അത്ഭുതപ്രവൃത്തികളാൽ അതിനെ സ്ഥിരീകരി

ക്കയും ചെയ്തതിനാൽ, തങ്ങളുടെ കാഴ്ചകാലം അവസാനിക്കാൻപോകുന്നതിൽ സന്തോഷിച്ചു അവർ ദൈവകാരുണ്യത്തെ സ്തുതിച്ചു. തദനന്തരം അവർ ധൈര്യപൂർവ്വം ഫറവോന്റെ പക്കൽചെന്നു് ഇസ്രായേൽ ജനത്തെ വിടണമെന്നാവശ്യപ്പെട്ടു. "ഞാനൊട്ടു ദൈവത്തെ അറിയുകയുമില്ല, ജനത്തെ വിട്ടുകയുമില്ല" എന്നാണു് ഉദ്ധതനായ ആ നൃപൻ കല്പിച്ചതു്. മാത്രവുമല്ല, കോപാവേശത്താൽ ഉടനടി അയാൾ നടപ്പിൽ വരുത്തിയ പീഡാകരങ്ങളായ പുതിയ വ്യവസ്ഥകൾ നിമിത്തം, പണ്ടേതന്നേ ക്ലേശഭൂയിഷ്ഠമായിരുന്ന ആ സാധുക്കളുടെ അടിമത്വം ഒന്നുകൂടി ദുർവഹമായിത്തീർന്നു. പാപശൃംഖലയിൽ കുടുങ്ങിയിരിക്കുന്ന ഒരാത്മാവു്, അനുതപിച്ചുകൂടുമെന്നു കാണുമ്പോൾ, തന്റെ സർവ്വശക്തികളുംഉപയോഗിച്ചു് അതിനെ നാനാപ്രകാരേണ ക്ലേശിപ്പിക്കുന്ന കാഴ്ചയാണു് ആദ്ധ്യാത്മികദൃഷ്ട്യാ ഇവിടെ നാം ദർശിക്കുന്നതു്. ദൈവാജ്ഞയ്ക്കു വിധേയനാകുന്നതിനു ഫറവോനെ പ്രേരിപ്പാനായി പ്രകൃത്യതീതങ്ങളായ ഒൻപതുബാധകളാൽ ആ നൃപനേയും തൽപ്രജകളേയും മൂശ പീഡിപ്പിച്ചിട്ടും, അയാൾക്കു സുബോധമുണ്ടായില്ല. ഇടക്കിടക്കു അയാളിൽ പ്രത്യക്ഷീഭവിച്ച അനുതാപത്തിന്റെ ലക്ഷണങ്ങൾ, ഇരുട്ടത്തുകാണാറുള്ള മിന്നൽപിണരുകൾപോലെ ക്ഷണഭംഗുരങ്ങളായതേയുള്ളു. ഫറവോനേയും കൂട്ടരേയും ഒന്നാകെ നശിപ്പിച്ചുകളയാതെ സാവധാനത്തിലും അല്പാല്പമായും ദൈവം അവരെ ശിക്ഷിക്കയാണല്ലൊ ഉണ്ടായതു്. പാപികളുടെ മാനസാന്തരത്തെ ദൈവം എത്രയധികം ആഗ്രഹിക്കുന്നു എന്നും അതിനായി എത്ര ക്ഷമാപൂർവ്വം അവിടുന്നു പ്രതീക്ഷിച്ചിരിക്കുമെന്നും അതിനായി ധനസഹായവും പരിശ്രമവും ചെയ്യുന്നതു് അവിടത്തേക്കു എത്ര പ്രസാദജനകമാണെന്നും ഇതിൽനിന്നു നമുക്കു ഗ്രഹിക്കാം.

രണ്ടു സഹപാഠികൾ.

(ചെറുകഥ)

[Gregory C. Thycherril B. A.]

പട്ടണത്തിലെ ജനാരവത്തിനു വിധേയമാകാത്തവണ്ണം അകന്നും എന്നാൽ പട്ടണത്തിന്റെ ഏതുഭാഗത്തും നടക്കുന്ന എല്ലാ സംഭവങ്ങൾക്കും ദൃക്സാക്ഷ്യം വഹിക്കത്തക്കവണ്ണം അടുത്തും, ഉന്നതവും, വിശാലവും, അതിമനോഹരവുമായ ഒരഞ്ചു നില മാളിക, പ്രകൃത്യാതന്നെ സുന്ദരവിതാനായ ആ ഭൂപതി സുവർണ്ണ ഖചിതമായ ശിരോമു

കടത്താലെന്ന പോലെ, കനപ്രഭയേ ഉല്ലംഘിക്കുന്ന ശോഭയോടു കൂടിയ താഴികക്കുടത്താൽ നിരീക്ഷകന്മാരിൽ ആദ്യം ഉദ്ഭവത്തെ ഉല്പന്നമാക്കിക്കൊണ്ട് "ശക്കരപ്പന്തലിൽ തേനീച്ച" എന്ന മട്ടിൽ "പൊന്തുരീസ്" രാജ്യത്തിനു് ഒരനർഘ ഭൂഷണമായി സ്ഥിതിചെയ്യുന്നു. "സഭ്യത്തിനൊക്കും ഗൃഹമാരുടേയാൻ" എന്ന ജിജ്ഞാസാപരമായ പ്രശ്നമായിരിക്കാം വായനക്കാരുടെ അന്തരംഗത്തിൽ നിന്നു പെട്ടെന്നു ബഹിർഗ്ഗമിക്കുന്നതു്. അതു നമുക്കു വഴിയേ അറിയാം. മാളികയുടെ മുകളിലത്തെ നിലയിലുള്ള മൂന്നു വിസ്തൃത മുറികളിൽ ഒന്നിൽ ഒരുഞ്ഞാൽ കട്ടിലും ഒരാട്ട കസാലയും (a rocking chair) മാർബിൽ നിർമ്മിതമായ ഒരു വട്ട മേശയും സ്ഥിതി ചെയ്യുന്നു. രാത്രിയിൽ മണി മൂന്നു കഴിഞ്ഞിരിക്കുന്നുവെങ്കിലും ഇനിയും അണഞ്ഞിട്ടില്ലാത്ത ഒരു മേശ വിളക്ക് ആ മേശപ്പുറത്തു മങ്ങി മങ്ങി പ്രകാശിക്കുന്നു. സുദീർഘവും, കൃശവും, "എല്ലും തോലുമെഴുന്നിരിക്ക"യാൽ പ്രാകൃതവുമായ ഗാത്രത്തോടു കൂടിയ ഒരു മനുഷ്യൻ വലതുകൈ മേശപ്പുറത്തു കുത്തി ഉത്തമാംഗം കൈയിൽ അണച്ചുകൊണ്ട് ചിന്താഗ്രസ്തനായി കസാലയിൽ ഉപവിഷ്ടനായിരിക്കുന്നു. അടുത്ത മാത്രയിൽ അദ്ദേഹം എഴുനേറ്റു മുറിയിൽ അങ്ങുമിങ്ങും കുറേ ദൂരം നടക്കും; ഉത്തര ക്ഷണത്തിൽ "ശരപ്രഹരമേറ്റിടിപതിച്ചപോലെ" ഏന്തോ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു ശയ്യയിലേക്കു വീഴും. കുറേനിമിഷത്തിനുള്ളിൽ വീണ്ടും കസാലയേത്തന്നെ അഭയം പ്രാപിക്കും. ഹാ! എത്ര വിലപനീയമായ കാഴ്ചയായിരുന്നു അതു്. ഏതൊരു കഠിനഹൃദയനേയും ആ കാഴ്ച സന്താപനിമഗ്നനാക്കാതിരിക്കയില്ല. കിംബഹുനാ, ഈ ദയനീയ നാടകസ്മരണയാൽത്തന്നെ "ശിഖകളുമിഞ്ഞുപോം" എന്നു് അതിശയോക്തി കൂടാതെ പ്രസ്താവിക്കാം.

അദ്ദേഹം ഉന്നതകുലജാതനും, കുശാഗ്രബുദ്ധിയും, ഉദാരമനസ്കനും ആണെന്നുള്ളതിനു് അയാളുടെ മുഖഭാവംതന്നെ സാക്ഷ്യം വഹിക്കുന്നു. ദിനചര്യകൾ ഈഷൽഭേദംകൂടാതെ നിർവഹിച്ചുപോന്ന ആ പുരുഷകേസരി ഏകദേശം ഒന്നരമാസക്കാലമായി കൃത്യനിഷ്ഠയെല്ലാം പരിത്യജിച്ചു് നിദ്രാവിഹീനനായി ഭക്ഷണത്തിൽപോലും അശ്രദ്ധനായി കാണപ്പെട്ടു തുടങ്ങിയിരിക്കുന്നു. സ്നേഹിതന്മാരുമായി സംഭാഷണം ചെയ്യുന്നതിലോ, തമാശകൾ പറഞ്ഞു സമയം വ്യയം ചെയ്യുന്നതിലോ, ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിൽ പോലുമോ അദ്ദേഹത്തിനു് അശേഷം താല്പര്യമില്ലാതായിത്തീർന്നിരിക്കുന്നു. നൂറു വയസ്സുമാത്രം പ്രായമായ നമ്മുടെ കഥാവൃക്ഷന്റെ മുഖം രക്തപ്രസരിപ്പുകൂടാതെയും മിക്കവാറും നിർജീവമായുമാണ് ഇപ്പോൾ ദൃഷ്ടിക്കു വിഷയീഭവിക്കുന്നതു്.

അദ്ദേഹത്തിന്റെ മനഃപീഡക്കും തജ്ജന്യമായ സ്ഥിതിഭേദത്തിനും

യഥാർത്ഥകാരണം ധനദൗർല്ലഭ്യമോ, സന്താനാഭാവമോ, മറേറതെങ്കിലും ലൗകികസുഖഭോഗാദികളുടെ കുറവൊ ആയിരുന്നില്ലെന്നു നമുക്കനായാസേന ഊഹിക്കാം. ലോകബഹുമാനം, സമ്പത്ത് മുതലായവ മനുഷ്യന്റെ മനസ്സമാധാനം പ്രദാനംചെയ്യുന്നതിനു പര്യാപ്തമല്ലെന്നും അവനെസൗഭാഗ്യലബ്ധിക്ക് അവ സഹായിക്കുന്നില്ലെന്നും മേൽപ്രസ്താവിച്ച വസ്തുതകളേ സവിശേഷം അനുസ്മരിപ്പിക്കുന്നില്ലയോ? ഹാ! ലൗകിക സൗഭാഗ്യമേ! നീ എത്ര ആയിരംപേരെയാണ് പ്രതിദിനമെന്നപോലെ "മായാസമുദ്രത്തിൽ" മുക്കി തകിടം മറിക്കുന്നത്! പരമാനന്ദാസ്വാദനാഭിവാഞ്ഛയാൽ പ്രേരിതരായി നിന്നെ അനുഗമിച്ച എത്ര എത്ര ആളുകളെയാണ് നീ നാശഗർത്തത്തിൽ നിപതിപ്പിച്ചിട്ടുള്ളത്! നിന്റെ വഞ്ചനാപാശത്തിൽ നിന്നു മനുഷ്യർ വിമുക്തരാകുന്ന കാലം എപ്പോഴാണ് ആഗതമാവുക! ഓ! സർവ്വാന്തര്യാമിയായ ദൈവമേ! മനുഷ്യരുടെ ഈ ദുരവസ്ഥയിൽ അങ്ങുന്നുതന്നെ അവക്ക് ഭയം നൽകുക; "മായാവിമോഹനത്തിൽ നിന്നു അവരെ അങ്ങുന്നു വിമുക്തരാക്കുക; സത്യപന്ഥാവിലൂടെ അവരെ നയിച്ചു യഥാർത്ഥസൗഭാഗ്യാകാരമായ സ്വഗ്ഗീയസൗധത്തിന്റെ അത്യുച്ചത്തിൽ അവരെ അങ്ങുന്നെത്തിക്കുക. അവിചാരിതമായി വന്നുപോയഈ വ്യതിചലനം സദയം ക്ഷമിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു കഥ തുടർന്നു കൊള്ളട്ടെ.

മതപരമായ ചില ആദ്ധ്യാത്മിക ചിന്തകളാണ് നമ്മുടെ കഥാനായകനെ പീഡിപ്പിച്ചുകൊണ്ടിരുന്നത്. ബി. എ. ബിരുദ സമ്പാദിച്ചശേഷം പത്തുവർഷക്കാലം അദ്ദേഹം പ്രശസ്തമായ രീതിയിൽ അദ്ധ്യാപകവൃത്തി നടത്തി, ഇപ്പോൾ ഒന്നരമാസക്കാലമായി മനസ്സമാധാനമില്ലായ്കനിമിത്തം സ്വദേശമായ 'പൊന്നരിസിൽ' വന്നു സ്വഭവനത്തിൽ വസിച്ചുകൊണ്ടിരിക്കയാണ്. ഹിന്ദുമതാനുസാരിയായ ഈ'സ്കന്ദസ്വാമി'യുടെ സഹപാഠിയായി 'ആൽബർട്ട്' എന്നൊരാൾ ഉണ്ടായിരുന്നു. ആൽബർട്ട് വൈദീകവൃത്തി കൈക്കൊണ്ടതിനുശേഷം വിദ്ദൂരസ്ഥിതമായ ഒരു വിദ്യാലയത്തിൽ അദ്ധ്യാപകനായിരിക്കുമ്പോൾ തന്റെ പൂർവ്വസ്നേഹിതനായ സ്കന്ദസ്വാമിയുടെ വിവരങ്ങൾ അനവരതം അറിയുകയും അതോടേ തന്റെ അന്തരംഗത്തിൽ ഉറങ്ങിക്കിടന്നിരുന്ന അശേ ഒന്നുണരുകയും ചെയ്തു. സ്കന്ദ സ്വാമി സൽസ്വഭാവിയും ബുദ്ധിമാനുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ മാനസാന്തരം കത്തോലിക്കസഭയ്ക്കുള്ള വിധത്തിലുംമെച്ചമായിരിക്കുമെന്നു ആൽബർട്ടിനു തോന്നി. അതുകയാൽ തദർത്ഥം വി. ശൗര്യാരിന്റെ 'മാനസാന്തര പ്രാർത്ഥന' ആൽബർട്ട്, പഠിച്ചുകൊണ്ടിരുന്ന കാലം മുതൽ പ്രതിദിനം ചൊല്ലിവന്നിരുന്നു. തൽ ഫലമായി അക്കാലംമുതൽ തന്നെ സ്കന്ദസ്വാമിയുടെ ഹൃദയത്തിൽ ചില ആദ്ധ്യാത്മിക ചിന്തകൾ അടിക്കടികുളിയിട്ടിക്കൊണ്ടിരുന്നു. പലവിധമായ സംശയങ്ങൾക്കു

അഭിപ്രായം വിധേയനായിരുന്നു. ഇങ്ങനെ ഇരിക്കുമ്പോഴാണ് ബ. ആൽബർട്ട വൈദികൻ സ്കന്ദസ്വാമിക്ക് വേദപ്രചരണ പരമായ ചില മാസികകൾ അയച്ചു കൊടുത്തു തുടങ്ങിയത്. രണ്ടു മാസക്കാലത്തെ വാരായണ ഫലമായി അയാൾ തീരെ മനസ്സമാധാനരഹിതനായിത്തീർന്നു. തന്നിമിത്തമാണ് സ്കന്ദസ്വാമിയെ പ്രാകൃത രൂപത്തിൽ നിദ്രാവിഹീനനായി മാളികയുടെ മുകളിലത്തെ നിലയിൽ നാം കാണുന്നതിനിടയായത്.

ഈ വിവരങ്ങളെല്ലാം കണ്ണാകണ്ണികയാ ബ. വൈദികന്റെ ചെവികളിൽ എത്തിയ ഉടൻ തീവണ്ടിമാർഗ്ഗം അദ്ദേഹം പൊന്തുരിസിൽ എത്തി. നാം സ്കന്ദസ്വാമിയെ തന്റെ ശയനമുറിയിൽ ദയനീയ പ്രകൃതത്തിൽ ദർശിച്ച ആ രാത്രിയിൽ തന്നെ ഏകദേശം നാല് മണിയോടുകൂടി ബ. ആൽബർട്ട വൈദികൻ പൂർവ്വസ്നേഹിതന്റെ മുറിയിൽ പ്രവേശിക്കുന്നതു കാണായി. സൗഭാഗ്യസമ്പൂർണ്ണനും സന്തോഷചിത്തനുമായ ഒരുത്തമ കത്തോലിക്കനായിട്ടാണ് സ്കന്ദസ്വാമി നമ്മുടെ ഈ പ്രസ്താവത്തിൽ അനന്തരം ആഗതനാകുന്നത്. സ്കന്ദസ്വാമിയുടെ മതപരിവർത്തനത്തിന് സർവ്വപ്രധാനകാരണമായിരുന്നതു സ്വസഹപാഠിയായ ആൽബർട്ടിന്റെ അനുദിന പ്രാർത്ഥനയായിരുന്നുവെന്നുള്ളതിൽ ഭിന്നാഭിപ്രായത്തിനു വകകാണുന്നില്ല. ഈദൃശങ്ങളായ ചെറുപ്രാർത്ഥനകളാൽ നമുക്കോരോരുത്തർക്കും ഇതരമതസ്ഥരായ നമ്മുടെ സ്നേഹിതന്മാരേയും അയൽവാസികളെയും വലിയ പ്രയാസംകൂടാതെ മാനസാന്തരപ്പെടുത്താവുന്നതാകുന്നു. അതുകയാൽ നമുക്ക് പ്രസ്തുത വിഷയത്തിൽ പൂർവ്വാധികം ഉൽസുകരായി പ്രവർത്തിക്കാം. ആത്മാക്കളുടെ നിത്യരക്ഷയ്ക്കുവേണ്ടി സ്വജീവനെ ബലി സമർപ്പിച്ച ദിവ്യ രക്ഷകൻ നമ്മുടെ പ്രാർത്ഥനയെ യഥാവസരം ആദരിക്കുമെന്നു നമുക്ക് ന്യായമായി പ്രതീക്ഷിക്കാം. 'പ്രേഷകവൃത്തിയിൽ മുദാലയത്തിനുള്ള സ്ഥാനവും ഒട്ടും അപ്രധാനമല്ല. മാസികാപാരായണമാണല്ലോ സ്കന്ദസ്വാമിയെ പെട്ടെന്ന് കത്തോലിക്കമതസ്വീകരണത്തിനു പ്രേരിപ്പിച്ചത്. 'വിശുദ്ധ പൗലോസ് ഇപ്പോൾ സജീവനായിരുന്നുവെങ്കിൽ ഒരു പ്രഭാഷകൻ എന്നതിനേക്കാൾ ഒരു പത്രാധിപരായിരുന്നേനേ" എന്ന് ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവിന്റെ വാക്യം ഇവിടെ പ്രത്യേകം സ്മർത്തവ്യമത്രെ. ഈ തോതു വച്ചു നോക്കുമ്പോൾ 'വേദപ്രചാരമധ്യസ്ഥൻ' അവസരോചിതവും അത്യന്താപേക്ഷിതവുമായ ഒരു മാസികതന്നെയാണെന്നു വ്യക്തമാകുന്നതാണ്. അതുകയാൽ അരവയസ്സുമാത്രം പ്രായമായ ഈ മാസികയുടെ പ്രചുരമായ പ്രചാരത്തിനും തദ്വാരാ നമ്മുടെ പിതാവിന്റെ "നിന്റെ രാജ്യം വരണം" എന്നുള്ള മുദ്രാവാക്യം ക്ഷണേന സഫലീകരിക്കുന്നതിനും വേണ്ടി നമുക്കൊത്തൊരുമിച്ചു പ്രവർത്തിക്കാം. ഹൃദയങ്ങളുടെ അധിപനായ ശ്രീയേശുനാഥൻ നമ്മുടെ എല്ലാ സദ്വൃത്തങ്ങളിലും നമുക്ക് മാർഗ്ഗദർശിയും സഹായിയുമായിരിക്കട്ടെ.

യേശുവിന്റെ പാവനരൂപം.

(എം. കെ. ജോസഫ്, മൊട്ടംകുന്നം)

ഈ ലോക രക്ഷയതിനായ് ക്കുരിശിൽക്കിടക്കും
മൂലോക നാഥനു മരാധിപനേശു ദേവൻ
മാലോട്ട തൻ ജനക മാതൃക ശിഷ്യരോട്ട
ചേലോട്ട ചൊന്നവ സമസ്തമുരച്ചിടാം ഞാൻ

"എന്നാത്മനായക! പൊറുക്കുക സാമ്പ്രതം നീ
വന്നാശ ഗത്ത മണയുന്നൊരു യൂദരോട്ട
ഇന്നാ ജനങ്ങളവർ ചെയ്യുവതെന്തിതെന്നാ
യൊന്നാശയത്തിലയി ചിന്തകഴിച്ചതില്ല!"

പിന്നിട്ട ദക്ഷിണ വശത്തു കിടക്കു വോരീ-
ദുർന്നീതിയാണ്ട പെരുതസ്കരനോട ചൊന്നാൻ
"ഇന്നീയിവന്റെ സഖിയായ് പറുദീസ തന്നി-
ലിന്നീയിരിക്ക മതിനില്ല വികല്പ മേതും"

മൂന്നാമതാക്കുരിശു തന്നരികിൽ ക്കരഞ്ഞു-
നിന്നാളമ്മയൊട്ട മുത്തമ ശിഷ്യനോടും
:"നിന്നാഢ്യ പുത്രനിനി മേലിവ, നിന്നുതൊട്ടേ
നിന്നമ്മ തന്നെയിവൾ കന്യകയെന്ന മോതി"

നാലാമതേശു മിശിഹാ നിജതാതനോട
മാലാന്തരച്ചു,"ജനകാ മമ ദേവ! ദേവാ!
ശ്ലീലാഗ്രമാന്യിവനെ ത്തിരു മേനിയിപ്പോൾ
മാലാന്നിടാനിതിവെടിഞ്ഞു കളഞ്ഞുപോന്നി"

മുപ്പാരി നാധിപതിയായിലസിച്ച വാണീ-
സൽപ്പാത്ര നാകുമൊരു യേശു മഹേശദേവൻ
വിൽപ്പാട തീ വഗദമോടിദമോതി, താപാ-
ലപ്പാവനാം ഗ,"നഹമുഗ്രപിപാസയാന്നേൻ"

ക്രൂരാന്ധകൻ വരദാനമതേ വിധത്തിൽ
മാരാട്ടമാന്നനരിൽ കൃപയും കൊട്ടക്കും
മാറാത്ത വാക്യമരുളുന്നൊരു ധന്യ ധന്യ
നാരാമമാം "സകലമാം നിരവേറിയെന്നാൻ"

"എന്നാരമമങ്ങയുടെ പാവന പാണി പരമം
തന്നാധിപത്യമതിലേയ്ക്കഹമേകിടുന്നേൻ"
വന്നാധി പൂണ്ട കുരിശാന്നിട്ട മേശുദേവൻ
ചൊന്നാനിതേവ മവസാനവു, മീശ പുത്രൻ

ഈയ്യേഴു വാക്യമെ വനിദ്ധരണിതലത്തിൽ
ഖ്ഭീയ്യേയുമെന്നിയെ വിചിന്തന മാന്നിടുന്നോ?
പൊയ്യേയുമല്ല,മനുഷൻ ഗുണയായ് മേവേൽ
ശ്രീയേശുവിൻ സുവര മൊത്ത കടാക്ഷ മുണ്ട

പ്രസംഗംകേൾക്കുന്നതെങ്ങിനെ?

ഭക്തിയോടുകൂടി പ്രസംഗം കേൾക്കുക എന്നുള്ളതു ദൈവത്തിൽ നിന്നുള്ള ഒരു വലിയ അനുഗ്രഹമാകുന്നു. ഈ അനുഗ്രഹം ലഭിക്കുന്നതിനായി ഒന്നാമതു ചെയ്യേണ്ടതു, പ്രാസംഗികനുവേണ്ടി പ്രാർത്ഥിക്കുകയാകുന്നു. ഒരു പ്രസംഗം കേൾക്കുന്നതു മൂലം ഒരാൾക്കു യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ലെങ്കിൽ അതു സ്വന്തകുറ്റം കൊണ്ടു മാത്രമായിരിക്കും

വി. അഗസ്റ്റിനോസു പ്രസംഗിച്ചുകൊണ്ടിരിക്കയിൽ ഇപ്രകാരം പറഞ്ഞു. ഞാൻ വിതയ്ക്കുന്നവന്റെ (മിശിഹായുടെ)കൊട്ടയത്രെ. നിങ്ങളുടെ ഇടയിൽ ഞാൻ വിതയ്ക്കുന്ന വിത്തു ഈ കൊട്ടയിൽ ഇട്ടുന്നതിനു അദ്ദേഹം തിരുമനസ്സായി. ഈ കൊട്ടയുടെ ഗതിനതയെ നിങ്ങൾ ഗൌനിക്കേണ്ട. വിതക്കുന്നവന്റെ സ്ഥാനവിലപ്പുത്തെ മാത്രം വിചാരിച്ചാൽ മതി.

മതപ്രസംഗം സാധാരണപ്രസംഗം പോലെയല്ല. ഇതു ദൈവവചനമാകുന്നു. മനുഷ്യന്റ് അധീനപ്പെട്ടവയല്ല. ദൈവത്തിനു കീഴ്പെട്ടവയാകുന്നു. ശ്രോതാക്കളുടെ യോഗ്യത അനുസരിച്ചു ദൈവം പ്രാസംഗികനു വാഗ്മിത്വവും പ്രസംഗത്തിനു യോഗ്യതയും നൽകുന്നു. അതിനാൽ മതസംബന്ധമായ ഒരു പ്രസംഗം നന്നായിരിക്കണമെങ്കിൽ പ്രാസംഗികൻ മാത്രമല്ല ശ്രോതാക്കളും യോഗ്യതയുള്ളവരായിരിക്കണം.

പ്രസംഗക്കാരൻ സംസാരിക്കുമ്പോൾ കേൾവിക്കാർ ശ്രദ്ധിക്കയും, അയാൾക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യട്ടെ. വി. സക്കറിയാസ്സു അയാളുടെ പുത്രൻ വഴിയായി സംസാരശക്തി ലഭിച്ചതുപോലെ പ്രാസംഗികനു കേൾവിക്കാരുടെ പ്രാർത്ഥനവഴിയായി ശരിയായ വിധത്തിൽ തന്റെ ജോലി നിർവഹിക്കുന്നതിനു സാധിക്കുന്നു.

ഞാൻ സംസാരിച്ച വചനം തന്നെ അന്ത്യദിവസത്തിൽ അവനെ വിധിക്കും. വി. യോഹ ൧൨-ാം വ.

ഈശോ ഉറങ്ങുന്നുവോ?

(റവ. ഫാദർ മാത്യു ആലക്കളം)

ഈശോ ഒരു പടവിൽ കയറിയപ്പോൾ ശിഷ്യന്മാരും കൂടെചെന്നു. അപ്പോൾ പടവു് തിരമാലകളാൽ മൂടത്തക്കവണ്ണം കടലിൽ വലിയ ക്ഷോഭം ഉണ്ടായി. ഈശോ ഉറങ്ങുകയായിരുന്നു. അവർ അടുത്തുചെന്നു് "കർത്താവെ രക്ഷിക്കണമേ, ഞങ്ങൾ നശിച്ചുപോകുന്നു" എന്നുപറഞ്ഞു് തന്നെ ഉണർത്തി. ഈശോ അവരോടു അല്പവിശ്വാസികളെ നിങ്ങൾ ഭീരുക്കളായിരിക്കുന്നു. "എന്നുപറഞ്ഞുകൊണ്ടു് എണീറ്റു കാറ്റിനേയും കടലിനേയും ശാസിച്ചപ്പോൾ വലിയ ശാന്തതയുണ്ടായി. എന്നാറെ മനുഷ്യർ അൽഭുതപ്പെട്ടു. "ഇവൻ എങ്ങനെയുള്ളവൻ. കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നല്ലൊ" എന്നു പറഞ്ഞു.

ദനഹാ ൪-ാം ഞായർ (വി. മത്തായി viii ൨൩-൨൭)

പ്രസ്തുത ഖണ്ഡികയിലെ വസ്തുനാരീതി ശ്രദ്ധിക്കുന്നതായാൽ അതിൽപറയുന്നപ്രകാരമുള്ള സംഭവങ്ങൾ നടക്കുന്നതിനു് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ഈശോ അനുവദിച്ചതാണെന്നു തോന്നും. ശിഷ്യരുടെ ധൈര്യവും തന്നിൽ അവർക്കുള്ള വിശ്വാസവും എത്രമാത്രമുണ്ടെന്നു് പരീക്ഷിക്കണമെന്നും പ്രകൃതിയുടെമേൽ തനിക്കുള്ള അധികാരത്തെ പ്രത്യക്ഷപ്പെടുത്തണമെന്നും ഈ അവസരത്തിൽ ദിവ്യരക്ഷകനു് ഉദ്ദേശ്യമുണ്ടായിരുന്നിരിക്കണം. എങ്ങനെ ആയിരുന്നാലും ദൈവത്തിൽ വിശ്വസിച്ചു് തന്നോടുചേർന്നു ജീവിക്കുന്നവർ ഒരിക്കലും ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ലെന്നു് ഈ സുവിശേഷസംഭവം സ്ഥാപിക്കുന്നുണ്ടു്.

൧. ഈശോ കയറിയ പടവു് താൻ സ്ഥാപിപ്പാനിരുന്ന തിരുസഭയുടെ ഒരു പ്രതിരൂപമായിരുന്നു. രക്ഷകൻ പടവിൽ പ്രവേശിച്ചിട്ടു് അധികം താമസിയാതെ തന്നെ കടൽ ക്ഷോഭമുണ്ടായി. തന്റെ ശിഷ്യരെ പരിഭ്രമിപ്പിച്ചതുപോലെ സഭയ്ക്കും ആരംഭംമുതലെ ശത്രുക്കളും ഞെരുക്കങ്ങളും അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ "ഇതാ

ലോകാവസാനംവരെ നിങ്ങളോടുകൂടി ഞാനുണ്ട്. നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല" എന്നരുളിചെയ്ത ദിവ്യമാനുഷമിതന്റെ വാക്കിനെ പാലിച്ചുകൊണ്ടേവരുന്നു. ഈശോ ഉറങ്ങുകയാണെന്ന ചിലപ്പോൾ തോന്നിപ്പോകാറുണ്ട്. വിശ്വാസികൾക്കു മനോചാഞ്ചല്യത്തിന് ഇടവരാറുണ്ട്. എന്നാൽ നീതിമാന്മാരുടെ യോഗ്യതാവർദ്ധനവിനും സഭയുടെ ശ്രേയോഭിവൃദ്ധിക്കും വേണ്ടി മാത്രമാണ് ഇത്. സങ്കീർത്തനക്കാരൻ വർണ്ണിച്ചിരിക്കുന്നതുപോലെ ഈശോ തക്കസമയത്തു ഉണരുന്നു. ശത്രുക്കളെ ചിതറിക്കുന്നു. ക്ഷോഭവും പിശറും മിച്ചു പൂവ്വാധികം പ്രതാപത്തോടെ സഭാ വഞ്ചിപുരോഗമനംചെയ്യുന്നു.

൨. പിന്നെയും ഈശോയുടെ വഞ്ചി നാമോരോരുത്തരുടെയും ജീവിതത്തിന്റെ സാദൃശ്യംകൂടിയാകുന്നു. എത്രയോ പ്രാവശ്യം ഈശോയോടുകൂടി പുണ്യജീവിതത്തിന്റെ വഞ്ചിയിൽ നാം പ്രവേശിച്ചിട്ടുണ്ട്.? ചിലപ്പോൾ അവിടുന്നു നമ്മെ ലാളിച്ചുകൊണ്ടു അടുത്തിരിക്കുന്നതായും മറു ചില അവസരങ്ങളിൽ നമ്മെ മറന്നിട്ടു ഉറങ്ങിക്കളയുന്നതായും നമുക്കു തോന്നിയിട്ടുണ്ട്. ഈശോ ഉറങ്ങുമ്പോഴെല്ലാം തന്നെ കാറും കലക്കവുമുണ്ടായി നമ്മുടെ നിശ്ചയവും ശ്രമവും അനുസരിച്ചു സംഗതികൾ മുമ്പോട്ട നടക്കാതെ നിരാശാസാഗരത്തിൽ മുങ്ങി നശിപ്പാൻ ഭാവിക്കുന്നതായിട്ടാണ് നമ്മുടെ അനുഭവം. "കർത്താവേ രക്ഷിക്കണെ! ഞങ്ങൾ നശിപ്പാൻ പോകുന്നു" എന്നു നിലവിളിച്ചുകൊണ്ടു ഈശോയോടു സഹായമപേക്ഷിക്കാത്തപ്പോഴെല്ലാം വഞ്ചി മുങ്ങിപ്പോയിട്ടുണ്ടെന്നും കാണാൻ പ്രയാസമില്ല. എന്നാൽ ഈ അവസരങ്ങളിൽ എല്ലാം തന്നെ പുണ്യത്തിലുള്ള നമ്മുടെ സ്ഥിരതയും ഈശോയിലുള്ള ശരണവും പരീക്ഷിക്കുകയാണ് ഈശോ ചെയ്യുന്നതെന്നു നാം പ്രത്യേകം ഓർമ്മിക്കണം. നമ്മെക്കൊണ്ടതന്നെ എന്തുസാധിക്കുമെന്ന് അപ്പോൾ നാം കാണുന്നു. നമ്മുടെ ബലഹീനതയും ദൈവസഹായത്തിന്റെ അത്യാവശ്യകതയും മനസ്സിലാകുന്നു. സ്വാശ്രയം നശിക്കുന്നു. ദൈവാശ്രയം ജനിക്കുന്നു. സാംഗോപാംഗസൌധത്തിന്റെ അസ്ഥിവാരമായ എളിമ അഭ്യസിക്കപ്പെടുന്നു. നോക്കുക; ഈശോയുടെ ഉറക്കത്തിന്റെ രക്ഷാകരഫലങ്ങൾ. ഒരിക്കൽ കർത്താവു പുണ്യവതി ഈശോയോടു ഇങ്ങനെ ആവലാധിപറഞ്ഞു. "അയ്യോ എന്റെ ഈശോ കുറെ മുമ്പു എനിക്കു നേരിട്ട ആവലിയ പരീക്ഷയുടെ സമയത്തു നീ എന്തുകൊണ്ടാണു ഉന്നെ ഉപേക്ഷിച്ചു കളഞ്ഞത്?" "കൊള്ളാം ഞാൻ നിന്റെ ഉള്ളിൽ മറഞ്ഞിരുന്ന് നിന്നെ ശക്തിപ്പെടുത്താതിരുന്നെങ്കിൽ നീ പരീക്ഷയിൽ തോറ്റുപോയേനെ" എന്നായിരുന്നു ഈശോയുടെ മറുപടി.

അതിനാൽ ആത്മികമൊ, ലൗകികമൊ ആയ ഏതേതു വിഷയങ്ങളിലും നാം മനസ്സുകലങ്ങി അസ്വാളിക്കേണ്ടതില്ലെന്നും വി. അപ്പോസ്തോലൻ പറയുന്നതുപോലെ ഒരു നിർമ്മലമനസ്സാക്ഷി നമുക്കുള്ളപക്ഷം ദൈവത്തിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ട് പിതാവിന്റെ മാറ്റിൽ എന്നപോലെ ഈശോയിൽ ആശ്വസിപ്പാൻ പാടുണ്ടെന്നും തക്ക സമയത്തു കാറും കോളും മാറി തെളിവും സമാധാനവും ഉണ്ടാകുമെന്നും അല്ലയൊ ഇവിടെ പഠിക്കേണ്ട പ്രായോഗികപാഠം? ഈശോ ഉറങ്ങുന്നില്ല. ഉറക്കം ഭാവിക്കുന്നതേയുള്ളു.

മാതാപിതാക്കൾ അറിഞ്ഞിരുന്നുവെങ്കിൽ

റവ. ഫാദർ പീയൂസ്, സി. ഡി.

മഹാനായ കർത്താവിന്റെ ജീവിതചരിത്രത്തിന്റെ ഏതാനും പക്ഷങ്ങളിൽ സ്വമാതാവായ മിസ്സിസ് 'എലിസബെത്തുവോണി'നെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. അതിൽ ഒന്നിൽഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. മിസ്സിസ് 'എലിസബെത്ത്' മാനസാന്തരപ്പെട്ട കത്തോലിസ്സഭയിൽ ചേർന്നിട്ടുള്ള ഒരു മഹതിയാണ്. അവളുടെ കുടുംബത്തിലെ അംഗങ്ങളെല്ലാംതന്നെ ക്രിസ്തീയജീവിതം ഉത്തമമായ രീതിയിൽ നയിച്ചുപോന്നു. എലിസബെത്തു പ്രത്യേകിച്ചു കുടുംബത്തിനു ഒരു മാലാകയെപ്പോലെ പ്രശോഭിച്ചിരുന്നു. എല്ലാദിവസവും രാവിലെ തങ്ങളുടെ അരമനകപ്പേളയിൽ പോയി ദിവ്യപൂജകാണുകയും സായംകാലത്തു വി. കുർബാനയുടെ മുൻപാകെ ഒരുമണിയാരാധന നടത്തുകയും ചെയ്കയെന്നുള്ളതു അവളുടെ സാധാരണ മുറയത്രെ. പ്രസ്തുത സമയങ്ങളിലെല്ലാം കർത്താവിനാൽ സാക്ഷിസ്ഥാനത്തുപോലെ സക്രാരിയിലേയ്ക്കു നോക്കികൊണ്ടു ഭക്തിപൂർവ്വം മുട്ടിന്മേൽ നിന്നതെ അവൾ പ്രത്യക്ഷമായുള്ളതു. മക്കളെല്ലാം പുരോഹിതരായും, സന്യാസികളായും സന്യാസിനികളായും പ്രതിഷ്ഠാപിതരാകണമെന്നുള്ളതായിരുന്നു ആ തള്ളയുടെ അതീവ വാഞ്ഛ. പ്രസ്തുതോദ്ദേശം സാധിക്കുന്നതിനു ആ മഹതി മുപ്പതു വത്സരങ്ങളോളം മുടക്കംകൂടാതെ അനുദിനം വി. കുർബാനയുടെ മുൻപാകെ ആരാധന നടത്തിയിരുന്നു. എത്രകണ്ടു ആകർഷണീയമായ കാഴ്ച! എത്രകണ്ടു ഭക്തിജനകമായ വി

രും! എത്രകണ്ട ആഹ്ലാദകരമായ വൃത്താന്തം! പ്രാർത്ഥനാഫലമെ ങ്ങിനെ? പുരുമാർ അഞ്ചും മാത്തിൽ ചേർന്ന കന്യകകളായും, പുരു രിൽ ആറുപേർ പുരോഹിതരായും പ്രസ്തുത പുരോഹിതരിൽ മൂന്നുപേർ മെത്രാന്മാരായും തീരുകയും, ഈ മെത്രാന്മാരിൽ ഒരാളായ 'ഹെർബെർ ട്ട് വോൺ, കർട്ടിനൽപദത്തിലേയ്ക്കുയർത്തപ്പെടുകയും ചെയ്തു. തന്റെ പ്രാർത്ഥനമൂലമാണ് അവൾക്ക ഈ മഹാഭാഗ്യം ലഭിച്ചതെന്ന സംശ യലേശംകൂടാതെ പ്രസ്താവിക്കാവുന്നതാണ്. എന്നാൽ അതോടൊന്നിച്ചു പുരോഹിതരേയും അവരുടെ ശ്രേഷ്ഠസ്ഥാനത്തേയും ആത്മരക്ഷാർത്ഥമു ള്ള അവരുടെ മാലാക്ഷ്യത്തെ ദിവ്യശുശ്രൂഷയേയും കുറിച്ചു കൂടികളോ ട പതിവായി പറഞ്ഞുകേൾപ്പിയ്ക്കുകയും ചെയ്തിരുന്നുവെന്നുള്ളതു വി സ്മരിക്കേണ്ടതല്ല. ഇപ്രകാരമാണ് മക്കളുടെ ബാലഹൃദയങ്ങളിൽ ദൈവവിളിയുടെവിത്തിനെ ആ ഗ്രഹനായിക സമൃദ്ധിയായി വിതച്ചു തു. ഈ വിധം മാതൃസ്ഥാനമലങ്കരിക്കുന്ന തരുണീരത്നങ്ങളും തദനന്തര പരായ പിതൃസ്ഥാനം വഹിക്കുന്ന പുരുഷോത്തമന്മാരുമുണ്ടായിരുന്നുവെ ങ്കിൽ മ്ശിഹാകർത്താവിന്റെ തോട്ടത്തിൽ വേലക്കാരായി അനേകം പുരോഹിതന്മാരെ തിരുസഭയ്ക്കു ലഭിയ്ക്കുമായിരുന്നു. ഇന്നാകട്ടെ ഇൻഡ്യ യിൽ ആകെ നൂറ്റമ്പ പുരോഹിതർ മാത്രമേയുള്ളു. ഈ ഭാരതത്തെ അധിവസിയ്ക്കുന്ന നൂറ കോടിയോളം വരുന്ന വമ്പിച്ച ജനക്കൂട്ടത്തിനു പ്രസ്തുത പുരോഹിതഗണം എത്രയോ തുച്ഛമാണ്. 'വിളവു് അധികം വേലക്കാർ മൂലുക്കം' എന്നുള്ള നമ: കർത്താവിന്റെ പ്രലാപം ഇന്നും നമ്മു ടെ ജന്മഭൂമിയിൽ ദയനീയമായിത്തന്നെയല്ലയോ മുഴങ്ങിക്കൊണ്ടിരി യ്ക്കുന്നതു്. അതുകയാൽ വിളവിന്റെ യജമാനനോടു തങ്ങളുടെ മക്ക ളിൽ ചിലരെയെങ്കിലും വേലക്കാരായി എടുക്കുന്നതിനു പ്രാർത്ഥിപ്പാ നും അവരോടു പ്രസ്തുത വേലയുടെ മാഹാത്മ്യത്തെക്കുറിച്ചു ഉപദേശിക്ക ന്നതിനും മാതാപിതാക്കൾ അറിഞ്ഞിരുന്നുവെങ്കിൽ കൊള്ളായിരുന്നു.

കുറിപ്പുകളും വർത്തമാനങ്ങളും.

ക്ഷ കൃതജ്ഞതാപ്രകടനം. ഞങ്ങളുടെ ക്ഷണാനുസരണം വേ ലേ ഇടവകക്കാരും മാസികയുടെ വരിപ്പണം മുഴുവനായും അംശമായും ഇവിടെ പിരിച്ചു അയച്ചുതന്നതിൽ ഞങ്ങൾ പ്രത്യേകം കൃതജ്ഞതയുള്ള വരായിരിക്കുന്നു. ചങ്ങനാശ്ശേരി, കുറവിലങ്ങാട്ട, ചമ്പക്കുളം, ആനക്ക

ല്ല്, ഇലഞ്ഞി, ചെമ്മലമറ്റം, എടമറുക്, കുറുമണ്ണു, ഉരുളികുന്നം, താണോ
ലി, മണ്ണാറപ്പാറ, പുതുനരി, പ്ലാശനാൽ, ളാലംപഴയതു, പുളിങ്കുന്നു, പൂവ
ത്തോട്ട, നിരപ്പേൽ, പൂവരണി, എടമറ്റം, തിടനാട്ട, കുറിച്ചിത്താനം,
അരുവിത്തുറ, പാറമ്പുഴ, മല്ലപ്പള്ളി, ചാമക്കാലാ, എലിക്കുളം, വിളക്ക
മാടം, ഏഴാച്ചേരി, കേസറിയാ, കൊരട്ടി, മുട്ടാർപുത്തൻ ഇതുയും ഇട
വകകളിലെ ബ. വികാരിമാരുടേയും മറ്റും ശ്രമങ്ങൾ സഫ്ഥാ സ്തുർ
ഹങ്ങളണ്. മറ്റു ഇടവകകളിലയും വരിപ്പണം കഴിയുന്നതു വേഗം
പിരിച്ചയപ്പാൻ ചുമതലപ്പെട്ടവർ ഉത്സാഹിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഒരു ധനശേഖരം മീനച്ചിൽ താലൂക്കിൽ ളാലം ഇടവക
യിൽ കണ്ണാടിയുറുമ്പ് ക്ലാരമഠം വകയായി നടത്തിവരുന്ന സെൻറുമേ
രിസ് ഗറൽസ് ഇംഗ്ലിഷ് മിഡിൽസ്കൂളിനെ ഹൈസ്കൂളാക്കി ഉയത്തുന്ന
തിനും അതിനാവശ്യമായ ഒരു ഫണ്ടു്, ടി സ്കൂളിൻെറ അഭ്യുദയകാം
ക്ഷികളിൽനിന്നും, പള്ളികളിൽനിന്നും, ഇതരപൊതുസ്ഥാപനങ്ങളിൽ
നിന്നും ശേഖരിയ്ക്കുന്നതിനും പെ. പെ. ബ. മെത്രാനച്ചൻ തിരുമന
സ്സിലെ അനുമതികല്പനപ്രകാരം നിശ്ചയിച്ചിരിക്കുന്നതായി ഭാരവാഹി
കൾ ഇവിടെ അറിയിച്ചിരിക്കുന്നു. പ്രസ്തുത ഫണ്ടിലേക്കു ഫാ ത്രുപ വി
തമുള്ള ഉദ്ദാര ഓഹരികളുള്ളതും അവരവർ എടുക്കുന്ന ഓഹരിത്തുകകൾ
ഒന്നായി അടയ്ക്കേണ്ടതും, ഇങ്ങനെ പിരിഞ്ഞുകിട്ടുന്ന സംഖ്യ പതിനൊ
ന്നാമത്തെ കൊല്ലത്തിൽനുറിനു അരയ്ക്കാൽവീതം ക്രൂടുന്ന പലിശയോ
ടുകൂടി തിരിച്ചു കൊടുക്കുന്നതുമാകുന്നു. ഫണ്ടിൻെറ ഉത്തരവാദിത്വം
ടി സ്കൂൾ മാനേജരും ടി കോൺവൻറിൻെറ ശ്രേഷ്ഠയും വഹിക്കുന്നതാ
ണെന്നും കാണുന്നു.

സന്തോഷം ജനുവരി 20-ാംനു ഞായറാഴ്ച ഉച്ചയോടുകൂ
ടി പാലാ "ഐ. വി" ആഫീസിലെ സീനിയർ ക്ലാർക്ക്, കൈപ്പുഴ കുന്ന
ത്തേത്തു തെക്കേതിൽ കുഞ്ഞൻ കോശി അവർകൾ 20-ാമത്തെ വയസ്സിൽ
പാലാ വലിയ പള്ളിയിൽവച്ചു യാക്കോബായമതം പരിത്യജിച്ചു, ഫൊ.
പള്ളിവികാരി പെ. ബ. കട്ടക്കയത്തു കൊച്ചുചാക്കോച്ചൻ അവർകളു
ടെ സമക്ഷത്തിൽ സത്യവാചകം ഉച്ചരിച്ചു സത്യമതാനുസാരിയായിസ
ഭാപ്രവേശം ചെയ്കയുണ്ടായി. പിന്നീടു ഇതുപ്രമാണിച്ചു വക്കീൽ മാത്യു
ജെ. മറ്റത്തിൻെറ വകയായി കേമമായ ഒരു വിരുന്നുസൽക്കാരവും പെ.
ബ. ഫൊ. വി. കട്ടക്കയത്തിൽ കൊച്ചുചാക്കോച്ചൻെറ ആദ്ധ്യക്ഷ്യത്തിൽ
ഒരുസമ്മേളനവും നടന്നതായി അറിയുന്നു. മി. കോശി കാലംചെയ്ത വ
ന്ദ്യതിരുമേനി കുഞ്ഞളശേരിൽ മെത്രാനച്ചൻെറ, മാതൃവഴിച്ചാച്ചുക്കാരനും
ചമ്പക്കുളത്തു മി. കുന്നിൽ യൗസേപ്പിൻെറ കുടുംബാംഗവും, അട്ടർ, മാവേ
ലിക്കര, ചെങ്ങന്നൂർ, കുണ്ടുപുരം മുതലായ സ്ഥലങ്ങളിൽ വക്കീൽ ഗുമ

സ്വാജോലി നോക്കിയിട്ടുള്ള ആളും അടുത്ത ബന്ധുക്കളായി പലേ ഉദ്യോഗസ്ഥന്മാരും സമുദായപ്രമാണികളും ഉള്ള ദേഹവുമാണെന്നു കാണുന്നു.

ര മുഹമ്മദീയന്റെ മനസ്സുതിരിവു് ഇക്കഴിഞ്ഞ മൊറോക്കോയുദ്ധത്തിൽ സ്പെയിൻരാജ്യത്തിനു് എതിരായി പടവെട്ടിയ ആളും, സുപ്രസിദ്ധനായ അബ്ദൽക്രീമിന്റെ സഹോദരപുത്രനും, അറബ് പ്രമാണിയുമായ അലി ബെൻബ്രയിൻ മോഹട്ടാൻ അവർകൾ. കഴിഞ്ഞ മാസത്തിൽമാഡ്റിഡിൽവച്ചു് മാനസാന്തരപ്പെട്ടു കാർലോസ് എന്നനാമധേയം സ്വീകരിച്ചിരിക്കുന്നതായി അറിയുന്നു. ഇദ്ദേഹത്തിനു 28 വയസ്സുമാത്രം പ്രായമുള്ളതും, ഫ്റാൻസ്, ഈജിപ്തു്, പലസ്തൈൻ, റഷ്യാ, ഗ്രീസ്, ഇറ്റലി മുതലായ രാജ്യങ്ങളിൽ ധാരാളം സഞ്ചരിച്ചിട്ടുള്ളതും, പലേ യൂറോപ്യൻ ഭാഷകളും വശമായിട്ടുള്ളതും, പലേ ഉൽകൃഷ്ടപരീക്ഷകളും പാസ്സായിട്ടുള്ളതും ആണെന്നു കാണുന്നു.

കേരളീയ കത്തോലിക്ക വിദ്യാർത്ഥി സംഘത്തിന്റെ ഏഴാമത്തെ വാർഷിക സമ്മേളനം ആലുവാ സെൻറ് മേരിസ് ഹൈസ്കൂളിൽ വച്ചു അടുത്ത മേട മാസത്തിൽനടത്തപ്പെടുന്നതും, ക്ളിപ്തീയതിയും കായ്പവപാടിയും താമസിയാതെ പ്രസിദ്ധം ചെയ്യുന്നതുമാണെന്നറിയുന്നു

രാഷ്ട്രീയ സഖ്യം:—

തിരുവിതാംകൂർ സംസ്ഥാനത്തിന്റെ പൊതുവായും കത്തോലിക്കാസമുദായത്തിന്റെപ്രത്യേകമായും ഉള്ള രാഷ്ട്രീയോന്നമനത്തെലാക്കാക്കി വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ കൂടി വേണ്ടതു പ്രവർത്തിക്കുന്നതിനായി മി. തയ്യു കുഞ്ഞിത്തൊമ്മൻ എം. എൽ.സിയുടെ അദ്ധ്യക്ഷതയിൽ മുട്ടുചിറവച്ചു ധനുമാസം 28-൦൩ ഒരു യോഗം കൂടി ലിഗിന്റെ കായ്യക്ഷമമായ പ്രവർത്തനാർത്ഥം പത്തു വിശ്വയങ്ങൾ ചെയ്തായി ഇവിടെ കിട്ടിയ റിപ്പോർട്ടിൽ നിന്നും കാണുന്നു.

"തിരുവല്ലായും കറോൾ പിരിവും" അടുത്ത ലക്കത്തിൽ—

വിദ്യാഭ്യാസവകുപ്പ്.

ചങ്ങനാശേരി പ്രവർത്തയിലെ ഇംഗ്ലീഷ് സ്കൂളുകളുടെ മാനേജരന്മാരുടെ ഒരു സാമാന്യയോഗം ഫെബ്രുവരി മാർച്ചു മാസം 29-൦൩ കൂടുകയും, കത്തോലിക്കാ വിദ്യാഭ്യാസംകാലോചിതവും വർദ്ധമാനവുമാക്കിത്തീർക്കുവാനായിട്ടു പല നിശ്ചയങ്ങൾ പാസ്സാക്കുകയും, റവ. ഫാദർ കോശേരി അവർകൾ ഡയറക്ടരായിട്ടും, റവ. ഫാദർ കെ. സി. ചാ

ണ്ടി സിക്രട്ടറിയായിട്ടും നിയമിക്കപ്പെട്ടകയും ചെയ്തു വിവരം ഇതി നകം പലരും അറിഞ്ഞിട്ടുണ്ടായിരിക്കണം. തൃപതയിലെ ഹൈസ്കൂള കളിലും മിഡിൽസ്കൂളുകളിലും മത വിഷയമായ അഭ്യസനം പൂർവ്വാധി കം ക്ലിപ്തമായിട്ടും ഏക തൃപ്രത്തോട്ട ക്രമീയും നടത്തപ്പെടുവാൻ വേ ണ്ടി ഒരുസാമാന്യ കാര്യപരിപാടി ഏർപ്പെട്ടത്തണമെന്നും, വാർഷിക പരീക്ഷയിൽ ഓരോ ക്ലാസിലും ഒന്നാമതു ജയിക്കുന്ന ഓരോ വിദ്യാർത്ഥി ക്കും ഓരോ സമ്മാനം നൽകപ്പെടണമെന്നും മൂന്നും ആറും ഫാറങ്ങളിലേ യും സീനിയർ ഇൻറർമീഡിയാറിലേയും വിദ്യാർത്ഥികൾക്കും ഒരുമത പരീക്ഷ ഏർപ്പെട്ടത്തണമെന്നും, അതതു ക്ലാസുകളിൽ തൃപത ഒട്ടുക്കു ള്ള വിദ്യാലയങ്ങൾക്കു പൊതുവായി നടത്തപ്പെടുന്ന പരീക്ഷകളിൽ ഒന്നാമതായി ജയിക്കുന്ന ഓരോ വിദ്യാർത്ഥിക്കും, വിദ്യാലയ വേതന നിയമാനുസരണം ഓരോ സ്കോളർഷിപ്പുകൾ കൊടുക്കപ്പെടണ മെന്നും, വേദപഠനംസ്കൂൾ കരിക്കുലത്തിൽ ഉൾപെടുത്തി അതിന്റെ ഉത്തരവാദിത്വം ഒരു വൈദികാദ്ധ്യാപകന്റെ മുമതലയിൽ ഏല്പിക്ക പ്പെടണമെന്നും, കത്തോലിക്ക വിദ്യാർത്ഥികൾക്കും ഉപാദ്ധ്യായന്മാർക്കും വാ ർഷികധ്യാനം നടത്തപ്പെടണമെന്നും, തൃപതയിലെ സ്കൂൾമാനേജരന്മാ രുടെ ഒരു കോൺഫറൻസു് പ്രതിവർഷം നടത്തപ്പെടണമെന്നും മറ്റു മാണു് പ്രധാനനിശ്ചയങ്ങൾ.

ഈ നിശ്ചയങ്ങൾ ഓരോന്നും ഇപ്പോൾ പ്രവൃത്തിയിൽ വന്നു തുട ങ്ങിയിട്ടുണ്ടു്. ഈ നിശ്ചയാനുസരണം ബ. മാനേജരന്മാരുടേയും വൈ ദികാദ്ധ്യാപകന്മാരുടേയും ധ്യാനം ഡിസംബർ ൨൦-൨൦൯- മുതൽ൨൨-൨൦ ൯- വരെയുള്ള ദിവസങ്ങളിൽ പാറേൽപള്ളിയിൽവച്ചു നടക്കുകയുണ്ടാ യി. ധ്യാനഗുരു, പ്രസിദ്ധപ്രാസംഗികനും പണ്ഡിതവര്യനുമായ റവ ഫാദർ മക്കി എസ്. ജെ. അവർകളായിരുന്നു. മറ്റു കത്തോലിക്കാദ്ധ്യാ പകന്മാരുടെ ധ്യാനം ജനുവരി ൧ മുതൽ ൪ വരെയുള്ള തീയതികളിൽ പാറേൽ പള്ളിയിൽ വച്ചു തന്നെ റവ. ഫാ. മക്കിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

മൂന്നും ആറും ഫാറങ്ങളിലെ മതവിഷയകമായ പരീക്ഷ ഫെബ്രുവരി ൧൦൯- ഉണ്ടാകുന്നതാണെന്നു ഡയറക്ടർ അവർകൾ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

പത്രാധിപർ.

പൂഞ്ഞാർ പെരിങ്ങുളം

കുരിശുമല കയറ്റം.

"പതിവനുസരിച്ചു ഇക്കൊല്ലവും വലിയനോയമ്പിലെ ആദ്യത്തെവള്ളിയാഴ്ചയും നാലുതാം വെള്ളിയാഴ്ചയും പുതുഞായറാഴ്ചയും ടി മലയിൽ തീർത്ഥയാത്രക്കാർ കയറുന്നതും കാണിക്കകൾ ഇട്ടുന്നതും ആയിരിക്കും. ഈ ദിവസങ്ങളിൽ കുമ്പസാരിച്ചും കുർബാന കൈക്കൊണ്ടും കയറുന്നവർക്കു കാലം ചെയ്തു കുഴുമാളശ്ശേരി മെത്രാനച്ചൻ തിരുമനസ്സു കൊണ്ടു പല പ്രത്യേക ദണ്ഡവിമോചനങ്ങളും കല്പിച്ചനുവദിച്ചിട്ടുണ്ട്. തീർത്ഥയാത്രക്കാർക്കു വേണ്ടെ സൗകര്യങ്ങൾ പാട്ടയ്പേലെ ചെയ്തുകൊടുക്കുന്നതാണു".

ഈ ആണ്ടിൽനാല്പതാം വെള്ളിയാഴ്ച കുരിശുമല കയറ്റം സംബന്ധിച്ചുള്ള ആഘോഷങ്ങൾ ശ്രീമാൻ കൊണ്ടൂപ്പറമ്പിൽ പാപ്പൻ നിർവഹിച്ചു കൊള്ളാമെന്നു സമ്മതിച്ചിട്ടുള്ള വിവരവും തീർത്ഥയാത്രക്കാരെ മുൻകൂർ അറിയിച്ചുകൊള്ളുന്നു."

കച്ചേരിക്കായ്യം.

പുതിയ ഫൊറോനകളും ഓരോന്നിന്റെ കീഴുള്ള പള്ളികളും.

1. രാമപുരം. കടനാട്ട്, നീറന്താനം, കുണിഞ്ഞി, മാനത്തൂർ, നീലൂർ, ഇട്ടുങ്ങനാട്ട്, കുടമണ്ണ്, മേലുകാവ്, ഏഴാച്ചേരി.

2. അതിരമ്പുഴ. ചെറുവാണ്ടൂർ, വെട്ടിമുകൾ, കുടമാളൂർ, അർപ്പുക്കര പാറമ്പുഴ, പുന്നത്തുറ, നരിവേലി, ഐക്കരച്ചിറ, മരങ്ങാട്ടുപിള്ളി, നവനസ്രേത്തു അലപ്പുഴ. തത്തമ്പള്ളി, പുന്നപ്ര കൈനകരി, കയ്യാറ് കാവാലം, കൈനടി, കേസറിയാ, മൊഹമ്മ.

CIGARS! CIGARS!! CIGARS!!

Cheap, reliable and conducive to good health.
Reduced prices for the Rev, Fathers and Missionaries
apply for samples and prices to:-

MESSERS PAUL BROTHERS
CIGAR MERCHANTS;
P. O., BERAMPUR, DINDIGUL.

N. B. We have found the Cigars of the above firm nice, reliable and cheap

EDITOR.

മരണം.

വടകരപ്പള്ളി ഇടവക കണിയാമറ്റത്തിൽ അന്ന ഒന്നാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ട് പുരോഹിതാദികളുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ ജനുവരി ഏഴാംതീയതി ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. 'മധ്യസ്ഥൻ' വായനക്കാർപ്രത്യേകം ഈ ആളിന്റെ ആത്മാവുക്കുവേണ്ടി പ്രാർത്ഥിപ്പാറാകണം. R. I. P.

ഉടൻ അപേക്ഷിക്കുക!

നല്ലനല്ല പുസ്തകങ്ങൾ!

	ണ.	പൈ.
ക. വിമർശനവിഹാരം.	4	0
ഖ. മാതൃകായുവാവ്	7	0
ഗ. വിശുദ്ധനായ ശൗയ്ക്കർ	4	0
ഘ. സന്മാതൃകാഫലം	1	6
ങ. ഒരു വഞ്ചിയോ പല വഞ്ചിയോ?	3	0

N. B. എല്ലാംകൂടി ഒന്നിച്ചുവാങ്ങിക്കുന്നവർക്കുതപാൽക്കൂലിഇല്ലാം അപേക്ഷിക്ക,

"മധ്യസ്ഥൻ" ബുക്ക്ഡിപ്പോ,
ചങ്ങനാശേരി.

പഞ്ചാംഗം.

ഫെബ്രുവരി — ഫാർമകരം.

ഇം. മ. അ.

൨ ൨൦ ശ. ✠ ക. മ. ശുദ്ധീകരണം.

൩. ൨൧ ഞ. ✠ ൩൦-ാം ഞായർ.

[അടുത്തതു ആദ്യവെള്ളി.]

൫ ൨൨ ഞ ✠ .൪൦-ാം ഞായർ. ൪൦ നോമ്പുതുടങ്ങുന്നു.

൬ ൨൩ ബം വിഭൂതി.

൭ ൨൪ ഞ. ✠ നോ ൧-ാം ഞായർ.

൮ ൨൫ ഞ. ✠ നോ ൨-ാം ഞായർ.

അടുത്തതു ആദ്യവെള്ളി.

൧൩ ൨൯ ചൊ കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ നാമകരണൻ.

മദ്ധ്യസ്ഥൻ

ആണ്ടടക്കം ഫറ ണ. വരിസംഖ്യ മാത്രം

മാനേജർ, റവ. ഗതാമസ് പനച്ചിക്കൽ.

അണ

കോട്ടയം കൊൺഫ്റൻസ് പ്രസംഗങ്ങൾ
ഒന്നിച്ചു കൂത്തിയതു് ന്ന
പ്രസംഗങ്ങൾ തനിച്ചു— ം
മഹാ ന്ന

മേൽവിലാസം

മദ്ധ്യസ്ഥൻ ആപ്പീസ്-അഥവാ കോട്ടയം പൊറിസ്സമനാരി.

സെൻട്രൽബാങ്ക് (കുളിപ്പാം)

പാലാ

ഏതാനും ഓഹരികൾകൂടി വിൽക്കാൻ നിശ്ചയിച്ചിരിക്കുന്നു.

കഴിഞ്ഞ വർഷം ലാഭത്തിൽ നൂറുക്ക ഏഴു ശതമാനം കരുതൽ ധനമായിനീക്കിവെച്ചതിനും പുറമെ ഏഴു ശതമാനം ആദായം ഓഹരിക്കാർക്കു വിതിച്ചുകൊടുത്തു. മേൽകൊല്ലങ്ങളിൽ കൂടുതൽ ആദായം പ്രതീക്ഷിക്കുന്നുണ്ടു. ഓഹരികൾക്കുള്ള അപേക്ഷകൾ ഫറര മകരം നൂറാം തീയതിക്കകം ബാങ്കാഫീസിൽ കിട്ടത്തക്കവണ്ണം അയക്കുന്നതാണെന്നപേക്ഷ.

കെ. ജോസഫ് ആനന്ദ്
മാനേജിംഗ് ഡയറക്ടർ.

പാലാ,
ഏപ്രി. ഫറ. റവ.

Printed and Published by Fr. M, Alakalam,
at the V. G. Press, Kottayam. 1929.